# സാമൂഹിക പ്രത്യാഘാത പഠനം
# ബാണാസുര സാഗർ ജലസേചന പദ്ധതി
# കാപ്പുംകുന്നു വിതരണ കനാൽ
# 0.1586 ഹെക്ടർ

## അന്തിമ റിപ്പോർട്ട്

റിക്വസിഷൻ അധികാരി
കേരളാ ജലസേചന വകുപ്പ്

കേരളാ വോളന്ററി ഹെൽത്ത് സർവ്വീസസ്
കളക്ട്രേറ്റ് പി.ഒ, മുള്ളൻകുഴി, കോട്ടയം : 686002
ഫോൺ : 0481 2572781, 2573875

E-mail :keralavhs@yahoo.co.in
Web :www.keralavhs.com

KERALA VHS ★ MULLANKUZHY KOTTAYAM-2 ★ COLLECTORATE P.O.

## ഉള്ളടക്കം


അദ്ധ്യായം - 1- പഠന റിപ്പോർട്ട് - രത്ന ചുരുക്കം

1.1 ആമുഖം- പദ്ധതിയും പൊതുആവശ്യവും
1.2 പദ്ധതി പ്രദേശം
1.3. ഭൂമിഏറ്റെടുക്കൽ - വ്യാപ്തിയും നടപടിക്രമങ്ങളും
(എ). ഭൂമി ഏറ്റെടുക്കൽ അധികാരി
(ബി).പദ്ധതി ബാധിതരുടെ വിവരങ്ങൾ
(സി). ഏറ്റെടുക്കുന്ന ഭൂമിയുടെവിവരണം.
(ഡി). സാമൂഹിക, സാമ്പത്തിക, സാംസ്കാരിക വിവരണം
1.4. പദ്ധതി സംബന്ധമായ ഇതര മാർഗ്ഗ നിർദ്ദേശങ്ങൾ
1.5. സാമൂഹിക പ്രത്യാഘാതം
1.6. പ്രത്യാഘാത ലഘൂകരണ നടപടികൾ
1.7. സാമൂഹികപ്രത്യാഘാത വിലയിരുത്തൽ

അദ്ധ്യായം 2- പദ്ധതി വിശദീകരണം

2.1. പശ്ചാത്തലവും ഭരണ നിർവ്വഹണ ഏജൻസികളുടെ വിശദാംശങ്ങളും
2.1.1. റിക്വസിഷൻ അധികാരി
2.1.1. (എ).ജലസേചന വകുപ്പ്
2.1.2. ഭൂമി ഏറ്റെടുക്കൽ - കാര്യ നിർവ്വഹണവിഭാഗം
2.2. പദ്ധതിയുടെ പൊതു ആവശ്യ പ്രസക്തി
2.3. പദ്ധതിയുടെ സ്വഭാവം, ഘടന, പ്രദേശം, ലക്ഷ്യം, ചിലവ്, പ്രാപ്തി, നഷ്ടംഎന്നിവ
2.3.1. പദ്ധതി പ്രദേശം
2.4. പദ്ധതി നിർവ്വഹണഘട്ടം
2.5. പദ്ധതി രൂപരേഖയുടെ വിശദാംശങ്ങൾ
2.6. പദ്ധതിക്ക് സഹായകരമായ മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത
2.7. ആവശ്യമായ തൊഴിലാളികളുടെ (സ്ഥിരം/ താൽക്കാലികം) ആവശ്യകത
2.8. സാമൂഹികപ്രത്യാഘാത പഠനമോ, പരിസ്ഥിതി ആഘാത പഠനമോ മറ്റ് സാധ്യതാ പഠനങ്ങളോ നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ
2.9. പദ്ധതിയെ ബാധിക്കുന്ന നിയമങ്ങളും നയങ്ങളും

അദ്ധ്യായം 3- സാമൂഹികപ്രത്യാഘാത പഠനം - സമീപനവും രീതിശാസ്ത്രവും
3.1. പശ്ചാത്തലം
3.2. സാമൂഹികപ്രത്യാഘാത പഠന യൂണിറ്റ് ടീമിന്റെ ഘടനയും വിവരങ്ങളും
3.3. പഠന സമീപനം
3.4. പദ്ധതിയുടെ രീതിശാസ്ത്രവും നടപ്പിലാക്കിയമാർഗ്ഗങ്ങളും


KERALA V H S MULLANKUZHY KOTTAYAM-2 COLLECTORATE P.O.

3.5. വിവരശേഖരണകേന്ദ്രങ്ങൾ

3.6. നടപടികളും സമയക്രമങ്ങളും

3.7.പദ്ധതി ബാധിതരുമായുള്ള കൂടിക്കാഴ്ചയിൽ ഉന്നയിക്കപ്പെട്ട പ്രധാന അഭിപ്രായങ്ങൾ

3.8. പൊതു അഭിപ്രായ സ്വീകരണം - 28/11/2019 ൽ പഞ്ചായത്ത് സാംസ്കാരിക നിലയം ഹാൾ, പടിഞ്ഞാറത്തറ

അദ്ധ്യായം 4- പദ്ധതി ഭൂമിയുടെ വിശകലനം

4.1. ഭൂമിയുടെ വിവരണം

4.2. പദ്ധതി പ്രദേശത്തിൽ ഉണ്ടായേക്കാവുന്ന പൊതുവായ പ്രത്യാഘാതം.

4.3. പദ്ധതിക്ക് ആവശ്യമായ ഭൂമിയുടെവിവരണം.

4.4. പദ്ധതി ബാധിക്കുന്ന പൊതു ഉപയോഗവസ്തുക്കളുടെയും പൊതുസ്വത്തിന്റെയുംവിവരണം.

4.5. പദ്ധതിക്കുവേണ്ടി ഏതെങ്കിലും ഭൂമി മുൻകൂട്ടി വാങ്ങുകയോ മാറ്റിവയ്ക്കപ്പെടുകയോ, വാടകയ്ക്ക് എടുക്കുകയോ, ഏറ്റെടുക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരണം.

4.6. പദ്ധതി ബാധിത പ്രദേശത്തിന്റെ സ്ഥാനം, വിസ്തീർണ്ണം മറ്റു വിവരങ്ങൾ

4.7. പദ്ധതി ബാധിത പ്രദേശത്തിന്റെ സ്വഭാവം, ഘടന, കൃഷിരീതി, ജല ലഭ്യത

4.8. വസ്തുവിന്റെ വിസ്തൃതി, ഉടമസ്ഥതാസ്വഭാവം, വിവരണം, താമസഭവനങ്ങളുടെഎണ്ണം.

4.9. ഭൂമിവില, ഉടമസ്ഥാവകാശത്തിലെ മാറ്റങ്ങൾ, ഭൂമി കൈമാറ്റം, ഭൂമിയുടെ ഉപയോഗം-കഴിഞ്ഞ 3 വർഷങ്ങളിൽ

അദ്ധ്യായം 5 - ബാധിക്കപ്പെടുന്ന കുടുംബങ്ങളുടെ എണ്ണവും നഷ്ടപ്പെടുന്ന സ്വത്ത് വിവരങ്ങളും

5.1. പദ്ധതി നേരിട്ട് ബാധിക്കപ്പെടുന്ന കുടുംബങ്ങൾ

5.2. പദ്ധതി നേരിട്ട് അല്ലാതെ ബാധിക്കപ്പെടുന്ന കുടുംബങ്ങൾ

5.3.ഉപയോഗപ്രദമായതും അല്ലാത്തതുമായ ഭൂമിയുടെയും, മറ്റ്സ്വത്തുക്കളുടെയും വിവരങ്ങൾ

അദ്ധ്യായം 6- പദ്ധതി ബാധിതരുടെ സാമൂഹ്യ- സാമ്പത്തിക-സാംസ്കാരികവിവരങ്ങൾ

6.1. ജനസംഖ്യവിവരങ്ങൾ

6.2. പദ്ധതി ബാധിതരായ ഭൂവുടമകളുടെ വയസ്സ് തിരിച്ചുള്ള വിവരണം

6.3. സ്ത്രീ, പുരുഷ അടിസ്ഥാനത്തിൽ ഭൂവുടമകളുടെവിവരണം

6.4. കുടുംബാംഗങ്ങളുടെഎണ്ണം അനുസരിച്ച് ഭൂവുടമകളുടെ വിവരണം.

6.5. വിദ്യാഭ്യാസ നിലവാരത്തിന്റെ അടിസ്ഥാനത്തിൽ ഭൂവുടമകൾ

6.6. മതത്തിന്റെ അടിസ്ഥാനത്തിൽ ഭൂവുടമകൾ

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

6.7. ഭൂവുടമകളുടെ സാമ്പത്തികസ്ഥിതി
6.8. ജോലി അടിസ്ഥാനമാക്കി ഭൂവുടമകൾ
6.9. വരുമാന അടിസ്ഥാനത്തിൽ ഭൂവുടമകളായ പദ്ധതി ബാധിതരുടെ വിവരങ്ങൾ
6.10. കൈവശ ഭൂമിയുടെ അടിസ്ഥാനത്തിൽ ഭൂവുടമകളായ പദ്ധതി ബാധിതരുടെ വിവരങ്ങൾ
6.11. കൈവശ ഭൂമിയുടെ കാലയളവിന്റെ അടിസ്ഥാനത്തിൽ ഭൂവുടമകളായ പദ്ധതി ബാധിതരുടെ വിവരങ്ങൾ
6.12. പദ്ധതി ബാധിതരുടെ കുടുംബാംഗങ്ങളുടെ സാമൂഹ്യ - സാമ്പത്തിക വിവരങ്ങൾ
6.12.1. പദ്ധതി ബാധിതരായ കുടുംബാംഗങ്ങളുടെ പ്രായംതിരിച്ചുള്ള വിവരങ്ങൾ
6.12.2. പദ്ധതി ബാധിതരായ കുടുംബാംഗങ്ങളും വിദ്യാഭ്യാസ നിലവാരം അടിസ്ഥാനമാക്കിയുള്ള വിവരങ്ങൾ
6.13. ഭൂ ഉടമസ്ഥരല്ലാത്ത പദ്ധതി ബാധിതർ

അദ്ധ്യായം 7 - സാമൂഹ്യപ്രത്യാഘാത പരിഹാര നിർവ്വഹണ പദ്ധതി

7.1. പ്രത്യാഘാത ലഘൂകരണ നടപടികൾ
7.2.പുനരധിവാസ പുനസ്ഥാപന പ്രക്രിയയിൽ ഉൾപ്പെടുത്തേണ്ട നിബന്ധനകൾ
7.3.പദ്ധതിക്ക് വേണ്ടി ഭൂമി ആവശ്യപ്പെടുന്ന ജലസേചന വകുപ്പ് പ്രത്യേകമായി മുന്നോട്ട് വയ്ക്കുന്ന നിർദ്ദേശങ്ങൾ
7.4. സാമൂഹിക പ്രത്യാഘാത പഠനത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതിക്ക് വരുത്തേണ്ട മാറ്റങ്ങളും കൂട്ടിച്ചേർക്കേണ്ട കാര്യങ്ങളും
7.5. പ്രത്യാഘാത ലഘൂകരണമാർഗ്ഗം-വിശദാംശങ്ങൾ

അദ്ധ്യായം 8- സാമൂഹ്യ പ്രത്യാഘാത പരിഹാര നിർവ്വഹണ പദ്ധതിയുടെ നടപ്പാക്കൽ സംവിധാന ഘടന

8.1. സ്ഥാപന ഘടനാ സംവിധാനം

അദ്ധ്യായം 9- സാമൂഹിക പ്രത്യാഘാത കാര്യ നിർവ്വഹണവും ബജറ്റും പ്രത്യാഘാത ലഘൂകരണത്തിന് വേണ്ടിയുള്ള സാമ്പത്തികവും

9.1. പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള ചിലവ്
9.2. വാർഷിക ബജറ്റും പദ്ധതി രൂപരേഖയും
9.3. സാമ്പത്തികസ്രോതസ്സും വിശദീകരണവും

അദ്ധ്യായം 10- സാമൂഹികപ്രത്യാഘാത കാര്യ നിർവ്വഹണ പദ്ധതി - മേൽനോട്ടവും വിലയിരുത്തലും

KERALA V H S MULLANKUZHY KOTTAYAM-2 COLLECTORATE P.O.

10.1. പ്രധാനപ്പെട്ട മേൽനോട്ട വിലയിരുത്തൽ സൂചകങ്ങൾ
10.2. മേൽനോട്ടവും റിപ്പോർട്ടിംഗും
10.3. സ്വതന്ത്രമായ വിലയിരുത്തലിന് വേണ്ടിയുള്ള പദ്ധതി

അദ്ധ്യായം 11 -സാമൂഹികപ്രത്യാഘാത വിലയിരുത്തൽ

അനുബന്ധരേഖകൾ

1. പദ്ധതി ബാധിതരുടെ പേരു വിവരങ്ങൾ
2. ഫോട്ടോഗ്രാഫ്
3. പത്രപ്പരസ്യം- ഫോം.നം.5- നോട്ടിഫിക്കേഷൻ
4. നോട്ടീസ്
5. പബ്ളിക് ഹിയറിംഗ്- ഹാജർ
6. ഗസറ്റ് നോട്ടിഫിക്കേഷൻ
7. ശ്രീ. [illegible] ജോണി [illegible] (ഉടമയായ പദ്ധതിബാധിതരുടെ [illegible]) നൽകിയ അപേക്ഷ.

KERALA V H S MULLANKUZHY KOTTAYAM-2 COLLECTORATE P.O.

### സാമൂഹികപ്രത്യാഘാത പഠനം
### ബാണാസുര സാഗർ ജല സേചന പദ്ധതി
### കപ്പുംകുന്നുവിതരണ കനാൽ
### (0.1586) ഹെക്ടർ
### അദ്ധ്യായം - 1
### പഠന റിപ്പോർട്ട് - രത്ന ചുരുക്കം

#### 1.1. ആമുഖം- പദ്ധതിയും പൊതുആവശ്യവും

ജലസേചന ആവശ്യത്തിനു വേണ്ടി നിർമ്മിച്ച സംസ്ഥാനത്തെ പ്രധാനപ്പെട്ട പൊതുജലസേചന പദ്ധതിയാണ് ബാണാസുരസാഗർ ജലസേചന പദ്ധതി. 1970 കളുടെആരംഭത്തിൽ നിർമ്മാണം ആരംഭിക്കുകയും 1970കളുടെ അവസാനം പ്രവർത്തന സജ്ജമാക്കുകയും ചെയ്ത പദ്ധതി വയനാട് ജില്ലയുടെ (പഴയകോഴിക്കോട്, കണ്ണൂർ ജില്ലയുടെ ഭാഗങ്ങൾ) ജലസേചന ആവശ്യം പൂർണ്ണമായി പരിഹരിക്കുന്നതിന് ലക്ഷ്യം വച്ച പദ്ധതിയാണ്. എന്നാൽ പിൽകാലത്ത് കുറ്റ്യാടി പദ്ധതിയിലേക്ക് ജലം ഒഴുക്കിവൈദ്യുതി ഉൽപാദിപ്പിക്കുന്ന ജലവൈദ്യുത പദ്ധതിയുടെ ഭാഗമായി ബാണാസുരസാഗർ ജലവൈദ്യുത പദ്ധതി മാറ്റപ്പെട്ടു. ജലസേചനത്തിനു ജല വൈദ്യുതി പ്രയോജനപ്പെടുന്നതുകൊണ്ട്തന്നെ ബാണാസുരസാഗർ ജലസേചന പദ്ധതി ജലസേചന വകുപ്പിന്റെയും ജലവൈദ്യുത വകുപ്പിന്റെയും പരസ്പര സഹകരണത്തോടുകൂടെ നടത്തപ്പെടുന്ന ഏക അണക്കെട്ടു പദ്ധതിയാണ്. കൂടാതെ ഏഷ്യയിലെ ഏറ്റവും വലുതും ഇന്ത്യയിലെ ആദ്യത്തെതുമായ മൺചിറ അണക്കെട്ട് ആണ് ബാണാസുരസാഗർ പദ്ധതി. 1979-ൽ പ്രവർത്തന സജ്ജമായി എങ്കിലും ജലസേചന സൗകര്യം വ്യാപിപ്പിക്കപ്പെടുന്നതിനുള്ള കനാൽ ജലസേചന പദ്ധതി പലകാരണങ്ങൾ കൊണ്ടും വർഷങ്ങളോളം നീണ്ടു പോകുകയായിരുന്നു. 1990 കളുടെ ആരംഭത്തിൽ തുടങ്ങിയ ബാണാസുരസാഗർ കനാൽ ജലസേചന പദ്ധതി പൂർണ്ണമായി പൂർത്തീകരിക്കാൻ നാളിതുവരെയും സാധിച്ചിട്ടില്ല. 1990 കളുടെ അവസാനം കനാൽ ജലസേചന പദ്ധതിക്ക് അനുകൂലമല്ലാത്ത രീതിയിൽ കേന്ദ്ര ഗവൺമെന്റുകളുടെ ജലസേചന നയം രൂപപ്പെട്ടതും മറ്റ് ചില സാങ്കേതിക കാരണങ്ങളും തുടർന്നുണ്ടായ സാമ്പത്തിക ബുദ്ധിമുട്ടുമാണ് പദ്ധതിയുടെ പൂർത്തീകരണം സാധ്യമാകാതിരുന്നത്. എന്നാൽ 2017-ൽ പദ്ധതിയുടെ ജലസേചന സൗകര്യം പൂർണ്ണതോതിൽ ഉപയോഗപ്പെടുത്തുന്നതിനാവശ്യമായി കനാൽ ജലസേചന പദ്ധതി സംസ്ഥാന സർക്കാർ തീരുമാനിക്കുകയും ജി ഒ ആർ ഡി നം: 369/2017/ആർ.ഡി. തീയതി 31/01/2017 & ജി ഒ ആർ ഡി നം: 5182/2017/ ആർ.ഡി തീയതി 01/12/2017 പ്രകാരം സാങ്കേതിക സാമ്പത്തിക അനുമതി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ വിതരണ കനാലുകളുടെ പണി പൂർത്തീകരണത്തിനായി 0.15686 ഹെക്ടർ ഭൂമിയുടെ ഏറ്റെടുപ്പ് നടപടികൾ പൂർത്തീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു. തുടർന്ന് ജില്ലാകളക്ടർ പ്രസ്തുത ഭൂമിയിൽ പ്രത്യാഘാത പഠനം നടത്താൻ തീരുമാനിക്കുകയും കേരള വോളണ്ടറി ഹെൽത്ത് സർവ്വീസിനെ പഠനത്തിനായി നിയോഗിക്കുകയും ചെയ്തു. ഈ സാമൂഹിക പ്രത്യാഘാത റിപ്പോർട്ട് മേൽസാഹചര്യത്തിൽ പഠനത്തിനു ശേഷം രൂപപ്പെടുത്തി സമർപ്പിക്കുന്നതാണ്.

#### കനാൽ ജലസേചന പദ്ധതിയും പ്രാധാന്യവും

ലോകമെമ്പാടുമുള്ള ജലസേചന പദ്ധതികളിൽ 40% കനാൽ ജലസേചന പദ്ധതിയാണ്. ഇന്ത്യയിലും കനാൽ ജലസേചന പദ്ധതികൾക്ക് വലിയ പ്രാധാന്യം ഉണ്ട്. നമ്മുടെ എല്ലാ അണക്കെട്ടുകളോടും, നദികളോടും അനുബന്ധമായി കനാൽ ജലസേചന പദ്ധതി നല്ല രീതിയിൽ നടന്നു വരുന്നു. കുറഞ്ഞ ചിലവിൽ കൂടുതൽ സ്ഥലത്ത് ജലസേചനം ചെയ്യാൻ

KERALA V H S
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

സാധിക്കുന്നു എന്നുള്ളത് ഭൂഗർഭ ജല സ്രോതസ്സുകളെ പരിപോഷിപ്പിക്കുന്നു എന്നുള്ളതും കനാൽ ജലസേചന പദ്ധതിയുടെ പ്രാധാന്യം വർദ്ധിപ്പിക്കുന്ന ഘടകങ്ങളാണ്. അണക്കെട്ടുകളിലേയും, നദികളിലേയും ജലത്തെ ജലസേചന ആവശ്യത്തിനുവേണ്ടി വലിയരീതിയിൽ ഉപയോഗപ്പെടുത്താൻ കനാൽ ജലസേചന പദ്ധതിക്ക് സാധിക്കുന്നു. എന്നാൽ ഭൂമി ഏറ്റെടുക്കൽ പോലുള്ള നടപടിക്രമങ്ങൾ പദ്ധതിയുടെ സ്ഥാപന ചിലവ് കാലാനുസൃതമായി വർദ്ധിക്കുന്നതിന് ഇടയാക്കിയിട്ടുണ്ട്. കൂടാതെ ബാഷ്പീകരണത്തിലൂടെയുള്ള ജലനഷ്ടം, വർഷാവർഷം പദ്ധതി പരിപാലനത്തിനുള്ള ചിലവ്, കൊതുകുപോലുള്ള രോഗം പരത്തുന്ന ജീവികളുടെ പ്രജനനത്തിനുള്ള സാധ്യതയുടെ വർദ്ധന, ഏക്കറുകളോളം ഭൂമിയുടെ നഷ്ടം, എന്നിവ കനാൽ ജലസേചന പദ്ധതിക്ക് എതിരെ നയരൂപീകരണത്തിനു പലപ്പോഴും ഗവൺമെന്റുകളെ പ്രേരിപ്പിച്ച ഘടകങ്ങളാണ്. കൂടാതെ ചെറുകിട ജലസേചന പദ്ധതികളുടെ സാധ്യതകളെ പരമാവധി ഉപയോഗപ്പെടുത്താൻ ഈ കാലഘട്ടങ്ങളിൽ സർക്കാരുകൾ ശ്രമം നടത്തിയത് കനാൽ ജലസേചന പദ്ധതികൾ നടപ്പാക്കൽ പ്രാധാന്യം കുറയാൻ കാരണമായിട്ടുണ്ട്. ഇടയ്ക്കിടെഉണ്ടാകുന്ന വെള്ളപ്പൊക്കം പോലുള്ള പ്രകൃതിദുരന്തങ്ങൾ ഫലപ്രദമായി നേരിടുന്നതിനു ഭൂഗർഭ ജലത്തിന്റെ അളവിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന വലിയതോതിലുള്ള കുറവ് പരിഹരിക്കുന്നതിനും, വേനൽകാലത്ത് പല പ്രദേശങ്ങളും നേരിടുന്ന കാർഷികമേഖലയിലെ ജല ദൗർലഭ്യത്തെ പരിഹരിക്കുന്നതിനും കനാൽജലസേചന പദ്ധതി വലിയതോതിൽ സഹായിക്കപ്പെടാൻ സാധ്യതയുണ്ട്.

### 1.2 പദ്ധതി പ്രദേശം

വയനാട് ജില്ലാ ആസ്ഥാനമായ കൽപ്പറ്റയിൽ നിന്നും 21 കി.മീ. അകലെ സ്ഥിതിചെയ്യുന്ന ബാണാസുരസാഗർ അണക്കെട്ടിൽ നിന്ന് 1 കി.മീ അകലെ ആയി ആണ് പദ്ധതി പ്രദേശം സ്ഥിതിചെയ്യുന്നത്. അണക്കെട്ടിന്റെ പ്രധാന കനാൽ നിർമ്മാണം പദ്ധതി പ്രദേശത്തിനു സമീപം താൽക്കാലികമായി അവസാനിപ്പിക്കപ്പെട്ടിരിക്കുകയാണ്. ഈ പ്രധാന കനാലിൽ നിന്നുമാണ് വിതരണ കനാലുകൾ രൂപപ്പെടേണ്ടത്. ഇപ്രകാരമുള്ള ഒരു വിതരണ കനാലിന്റെ നിർമ്മാണത്തിനു വേണ്ടിയാണ് 0.15686 ഹെക്ടർ ഭൂമി ഗവൺമെന്റ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. കേരളത്തിൽ ഏറ്റവും പ്രധാനപ്പെട്ട വിനോദ സഞ്ചാരകേന്ദ്രമായി ബാണാസുരസാഗർ അണക്കെട്ടും സമീപ പ്രദേശങ്ങളും മാറി കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട്തന്നെ പദ്ധതി പ്രദേശത്തിന്റെ വാണിജ്യ പ്രാധാന്യം നാൾക്കുനാൾ വർദ്ധിച്ചു വരുകയാണ്. ബാണാസുരസാഗർ കുന്നുകളുടെ അടിവാരത്തിലുള്ള പദ്ധതി പ്രദേശം ഏറ്റെടുക്കുന്നതിനു വേണ്ടി അതിർത്തികല്ലുകൾ സ്ഥാപിച്ച കാലഘട്ടത്തിൽ കേവലം 2 വീടുകൾ മാത്രം ഉണ്ടായിരുന്ന പ്രദേശത്ത് ഇന്ന് ആറോളം പുതിയ വീടുകൾ ഉയർന്നു വന്നിട്ടുണ്ട്. വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിൽ പടിഞ്ഞാറത്തറ പട്ടണത്തിൽ സമീപസ്ഥമായ പദ്ധതി പ്രദേശത്തിന്റെ ചില ഭാഗങ്ങൾ ഇപ്പോഴും നിയമാനുസൃതം ഭൂരേഖഇല്ലാത്ത ആളുകളുടെ ഉടമസ്ഥതയിലാണ്.

### 1.3 ഭൂമിഏറ്റെടുക്കൽവ്യാപ്തിയും നടപടിക്രമങ്ങളും

#### (എ) ഭൂമിഏറ്റെടുക്കൽഅധികാരി

വെള്ളമുണ്ടയിൽ പ്രവർത്തിക്കുന്ന ബാണാസുരസാഗർ പദ്ധതിക്ക് പ്രത്യേക തഹസിൽദാർ ഓഫീസാണ് ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങൾ നടപ്പാക്കുന്നത്. അതിർത്തികല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. എകിലും ഈ വർഷം ഉണ്ടായ മണ്ണിടിച്ചിൽ മൂലം അതിർത്തി കല്ലുകൾ

KERALA VHS
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

കണ്ടെത്താൻ സാധിച്ചിട്ടില്ല. ഡപ്യൂട്ടികളക്ടർ വയനാടിന്റെ മേൽനോട്ടത്തിലും, ജില്ലാകളക്ടർ വയനാടിന്റെ നേതൃത്വത്തിലുമാണ് ഭൂമി ഏറ്റെടുക്കൽ നടപടി നടന്നു വരുന്നത്.

(ബി) പദ്ധതി ബാധിതകുടുംബങ്ങൾ

സാമൂഹിക പ്രത്യാഘാത പഠനം പദ്ധതി ബാധിതരായി കണ്ടെത്തിയിരിക്കുന്നത് 9 ഭൂ ഉടമസ്ഥരെയാണ്. താമസ ഭവനങ്ങൾ ഒന്നും തന്നെ പദ്ധതി ബാധിതമായി കണ്ടെത്തിയിട്ടില്ല. എന്നാൽ നിർമിക്കാൻ ഉദ്ദേശിക്കുന്ന കനാൽ 6 താമസ ഭവനങ്ങളുടെയും 2 വാണിജ്യ കെട്ടിടങ്ങളുടെയും വളരെ സമീപത്തു കൂടിയാണ് കടന്ന് പോകേണ്ടത്. ഇതിൽ 5 താമസ ഭവനങ്ങളും ഒരു വാണിജ്യ കെട്ടിടവും അതിർത്തികല്ലുകളുടെ സ്ഥാപനത്തിനു ശേഷം സ്ഥാപിക്കപ്പെട്ടവയാണ്. 4 പദ്ധതി ബാധിതരായ ഭൂ ഉടമകൾക്ക് നിയമപ്രകാരമുള്ള ഉടമസ്ഥാരേഖകൾ കൈവശം ഇല്ലാത്തവരാണ്. എന്നാൽ അവരുടെയെല്ലാം ഭൂരേഖകൾ ലഭ്യമാക്കുന്നതിനുള്ള അവസാന നടപടിക്രമങ്ങളിലാണെന്ന് ഇവർ അവകാശപ്പെടുന്നു. പദ്ധതി ബാധിതരിൽ ഒരാൾ ഹിന്ദുമതവിശ്വാസിയും 8 പേർ മുസ്ലിം മതസ്ഥരുമാണ്. ഒരു സ്ത്രീ ഭൂ ഉടമസ്ഥയും മൂന്ന് കൂട്ട് ഭൂ ഉടമസ്ഥരും പദ്ധതി ബാധിതരിൽ ഉണ്ട്. സാമ്പത്തികപരമായി വളരെ പിന്നോക്കാവസ്ഥയിലുള്ള ഒരു പദ്ധതി ബാധിതനെയും പഠനത്തിൽ കണ്ടെത്തിയിട്ടില്ല. പദ്ധതിബാധിതരുടെ കൈവശഭൂമിയുടെ ശരാശരിഅളവ് 26 സെന്റ് മാത്രമാണ്. ഇവരിൽ ആരുംതന്നെ നിരക്ഷരരോ കാർഷികവൃത്തി പ്രധാന ഉപജീവന മാർഗ്ഗമായി സ്വീകരിച്ചവരോ അല്ല. അഞ്ചോളം പദ്ധതി ബാധിത ഉടമസ്ഥരുടെ വിദ്യാഭ്യാസയോഗ്യത പത്താം തരത്തിൽ താഴെയാണ്. പദ്ധതി ബാധിത ഉടമസ്ഥരുടെ ഗണത്തിൽ പെടുന്നില്ല എങ്കിലും പദ്ധതി പ്രദേശത്തിനു തൊട്ടുമുകളിലായി താമസിക്കുന്ന 2 വീടുകളെയും പദ്ധതി ബാധിതരുടെ ഗണത്തിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. മേൽ പറഞ്ഞ ഭവനങ്ങളുടെയും, പദ്ധതി ബാധിതരായ ഭൂഉടമകളായ പദ്ധതി ബാധിതമായ ഭവനങ്ങളുടെയും സുരക്ഷിതത്വം ഉറപ്പുവരുത്തേണ്ടതും അത്യാവശ്യമാണ്.

(സി) ഏറ്റെടുക്കുന്ന ഭൂമിയുടെവിവരണം

പദ്ധതിക്കു വേണ്ടി 0.15686 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടത്. ബാണാസുരസാഗർ ജലസേചന പദ്ധതിയുടെ പ്രധാന കനാലിൽ നിന്ന് ജലവിതരണത്തിനായി ജലവിതരണ കനാൽ സ്ഥാപിക്കുന്നതിനു വേണ്ടിയാണ് മേൽപറഞ്ഞ അളവ് ഭൂമി ഏറ്റെടുക്കുന്നത്. 2006 -ൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കപ്പെട്ടപ്പോൾ 2 താമസ ഭവനങ്ങൾ മാത്രമാണ് പദ്ധതി പ്രദേശത്തിനു സമീപമായി ഉണ്ടായിരുന്നത്. കൂടാതെ 90% ഭൂമിക്കും നിയമാനുസൃത കൈവശരേഖകൾ ഉണ്ടായിരുന്നില്ല. എന്നാൽ ഇന്ന് ഏഴോളം പുതിയ താമസഭവനങ്ങൾ പദ്ധതി പ്രദേശത്തിനു സമീപസ്ഥമായി നിർമ്മിക്കപ്പെടുകയും 60% പദ്ധതി ബാധിത പ്രദേശത്തിന് നിയമപ്രകാരം ഭൂരേഖകളുള്ള ഉടമസ്ഥർ ഉണ്ടാകുകയും ചെയ്തു. കേരളത്തിലെ തന്നെ ഏറ്റവും പ്രധാനപ്പെട്ട വിനോദ സഞ്ചാരകേന്ദ്രമായ ബാണാസുരസാഗർ അണക്കെട്ടിൽ നിന്ന് 1 കി.മീ മാത്രം അകലെ സ്ഥിതിചെയ്യുന്ന പദ്ധതി പ്രദേശം വിനോദ സഞ്ചാര വികസനവുമായി ബന്ധപ്പെട്ട് വാണിജ്യ പ്രധാനമായ സ്ഥലമാണ്. വൈത്തിരി താലൂക്കിൽ പടിഞ്ഞാറത്തറ വില്ലേജിൽ ഉൾപ്പെടുന്ന പദ്ധതി പ്രദേശം ബാണാസുര കുന്നുകളുടെ അടിവാരത്ത് സ്ഥിതിചെയ്യുന്നു.

(ഡി). സാമൂഹ്യസാങ്കേതിക സാമ്പത്തികവിവരങ്ങൾ

പദ്ധതി ബാധിതരുടെ സാമൂഹ്യ സാങ്കേതിക സാമ്പത്തിക വിവരങ്ങൾ സൂചിപ്പിക്കുന്നത് പദ്ധതി ബാധിതർ എല്ലാരും തന്നെ മധ്യവർഗ്ഗ സാമ്പത്തികസ്ഥിതി ഉള്ളവരാണ് എന്നാണ്. പദ്ധതി ബാധിതരുടെ എല്ലാവരുടെയും തന്നെ സാമ്പത്തിക സ്രോതസ്സ് അവരവർതന്നെ

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

സ്വന്തമായോ മറ്റുള്ളവരുമായി ചേർന്നോ ചെയ്യുന്ന ചെറിയ വ്യാപാരങ്ങളാണ്. പദ്ധതി ബാധിതരുടെ ശരാശരി കൈവശ ഭൂമിയുടെ അളവ് 26 സെന്റ് മാത്രമാണ്. സാമൂഹ്യ സാങ്കേതിക സാമ്പത്തിക പിന്നോക്കാവസ്ഥയിൽ ഉള്ള ആരുംതന്നെ പദ്ധതി ബാധിതരിൽ ഉൾപ്പെട്ടിട്ടില്ല. മതപരമായ വിതരണം സൂചിപ്പിക്കുന്നത് 9 ൽ 8 പേരും മുസ്ലീം മതവിശ്വാസത്തിൽപെട്ടവരാണ്. ശേഷിക്കുന്ന ഒരാൾ ഹിന്ദുവുമാണ്. ശരാശരി കുടുംബാംഗങ്ങളുടെ എണ്ണം 3.5 ആണ്. എന്ന് കണക്കാക്കപ്പെടുന്നു. ഒൻപത് ഭൂ ഉടമസ്ഥരായ പദ്ധതി ബാധിതരിൽ 4 പേർക്ക് സർക്കാർ അംഗീകൃത ഭൂ ഉടമ –രേഖകൾ കൈവശം ഇല്ലാത്തവരാണ്.

### 1.4. ബദൽ നിർദ്ദേശങ്ങൾ

| ക്രമ നം: | ബദൽ നിർദ്ദേശങ്ങൾ | വിശകലനം |
|---|---|---|
| 1 | വിതരണ കനാൽ പദ്ധതി ഉപേക്ഷിക്കുക | ഈ നിർദ്ദേശം പദ്ധതിക്കുവേണ്ടിസർക്കാർ മുൻകാലങ്ങളിൽ നടത്തിയിട്ടുള്ള പണമുടക്കിന് നഷ്ടപ്പെടുത്തുകയും പദ്ധതിയുടെ പൂർത്തീകരണം സാധ്യമല്ലാതാക്കിതീർക്കുകയുംചെയ്യുന്നു. |
| 2 | ഇപ്പോൾ പൂർത്തിയായിക്കൊണ്ടിരിക്കുന്ന കനാലുകൾ ഉപയോഗിച്ച്ജലസേചന പദ്ധതി പൂർത്തീകരിക്കുക | പദ്ധതി വിഭാവനം ചെയ്ത പദ്ധതി പ്രദേശത്തെ ഉദ്ദേശ്യം 35% കുറവുണ്ടാകാൻ ഈ നിർദ്ദേശംകാരണമാകും. |

### 1.5. സാമൂഹ്യ പ്രത്യാഘാതം

5 ഭൂഉടമകൾക്കും 4 കൈവശക്കാരായ ഭൂഉടമകൾക്കും ഉണ്ടാകുന്ന ഭൂമി നഷ്ടമാണ് പദ്ധതിയുടെ പ്രാഥമികമായി കാണപ്പെടുന്ന പ്രത്യാഘാതം. താമസ ഭവനങ്ങളോ വാണിജ്യ കെട്ടിടങ്ങളോ, പദ്ധതി ബാധിതമായി കണ്ടെത്തിയിട്ടില്ല. സാമൂഹ്യമോ സാമ്പത്തികമോ ആയി പിന്നോക്കം നിൽക്കുന്ന ആരുംതന്നെ പദ്ധതി ബാധിതരായി കാണപ്പെടുന്നില്ല. എന്നാൽ പദ്ധതിയുടെ നിർമ്മാണം താങ്കളുടെ താമസ ഭവനങ്ങളുടെ സുരക്ഷിതത്വത്തെ ബാധിക്കുമോ എന്ന് 6 താമസഭവന ഉടമസ്ഥരും, തങ്ങളുടെ വാണിജ്യ കെട്ടിടത്തിന്റെ സുരക്ഷയെ ബാധിക്കുമോ എന്ന് 2 വാണിജ്യ കെട്ടിട ഉടമസ്ഥരും ആശങ്കപ്പെടുന്നു. ഈ ആശങ്ക തന്നെയാണ് പദ്ധതിയുടെ ഏറ്റവും വലിയ പ്രത്യാഘാതമായി കണക്കാക്കാവുന്നത്. എന്നാൽ ഈ കെട്ടിടങ്ങളിൽ 5 താമസഭവനങ്ങളും ഒരു വാണിജ്യ ഭവനവും പദ്ധതിക്കുവേണ്ടിയുള്ള അതിർത്തികല്ലുകളുടെ സ്ഥാപനത്തിന് ശേഷം നിർമ്മിക്കപ്പെട്ടവയാണ്. ഈ വർഷം ഉണ്ടായ മണ്ണിടിച്ചിലിൽ കെട്ടിടങ്ങളുടെ സുരക്ഷസംബന്ധമായി പദ്ധതി ബാധിതർ ഉയർത്തുന്ന ആശങ്ക കൂടുതലായി വർദ്ധിച്ചിട്ടുണ്ട്. നിർദ്ദിഷ്ട കനാൽ പദ്ധതി ഒരു സ്വകാര്യ റോഡിനേയും ഒരു പൊതുറോഡിനേയും മുറിച്ചു കടന്ന് പോകുന്നുണ്ട്. ഈ റോഡുകളിലൂടെയുള്ള ഗതാഗതം പുനഃസ്ഥാപിക്കേണ്ടതും പദ്ധതിയുടെ ലഘൂകരണ നടപടികളിൽ ഉൾപ്പെടും.

### 1.6. പ്രത്യാഘാതലഘൂകരണ നടപടികൾ

| ക്രമ നം: | പ്രത്യാഘാതം | സമീപനം | ലഘൂകരണ മാർഗ്ഗങ്ങൾ |
|---|---|---|---|
| 1 | ഉടമസ്ഥ ഭൂമിയുടെ ഭാഗീകനഷ്ടം | നഷ്ടപരിഹാര വിതരണം | ന്യായമായ നഷ്ട പരിഹാരം |



KERALA V H S MULLANKUZHY KOTTAYAM-2 COLLECTORATE P.O.

| | | | |
|---|---|---|---|
| 2 | കൈവശ ഭൂമി യുടെ ഭാഗീക നഷ്ടം | കൂടിയാലോചന, മാനു ഷിക പരിഗണന, നഷ്ടപരിഹാരം | പദ്ധതി ബാധിതരും തദ്ദേശ സ്വയംഭരണ നേതൃത്വവും ആയി കൂടിയാലോചനയിലൂടെ നഷ്ടപരിഹാരം നിശ്ചയിക്കുകയും നിയമം അനുശാസിക്കുന്ന നഷ്ടപരിഹാരം നിർണ്ണയിക്കു കയുംചെയ്യുക |
| 3 | താമസ ഭവന ങ്ങളുടെ സുര ക്ഷിതത്വം | താമസ ഭവനങ്ങളുടെ സുരക്ഷിതത്വം ഉറപ്പാ ക്കുന്ന നടപടികൾ പദ്ധതി നടപ്പാക്കൽ രൂപരേഖയിൽ ഉൾപ്പെടു ത്തുക | പദ്ധതി നടപ്പാക്കൽ സംബന്ധമായ വിവരങ്ങൾ യഥാസമയം പദ്ധതി ബാധിതരെ അറിയിക്കുകയും കെട്ടിടങ്ങളുടെ സുരക്ഷ സംബന്ധ മായ നടപടികൾ നടപ്പാക്കൽ രൂപരേഖയിൽ ഉൾപ്പെടു ത്തുകയും ചെയ്യുക. |
| 4 | വീടുകളിലേക്കും വസ്തുക്ക ളിലേക്കുമുമ പ്രവേശന മാർഗ്ഗങ്ങളുടെ നഷ്ടം | നിയന്ത്രണവും പുനഃസ്ഥാപനവും | പുനഃസ്ഥാപന രൂപരേഖതയ്യാ റാക്കി നടപ്പാക്കൽ രൂപരേഖയിൽ ഉൾപ്പെടുത്തുക |
| 5 | ഇടറോഡുകളി ലേക്കുള്ള പ്രവേശനത്തി ന്റ നഷ്ടം | നിയന്ത്ര ണവുംപുനഃസ്ഥാപനവും | പുനഃസ്ഥാപന രൂപരേഖ തയ്യാ റാക്കി നടപ്പാക്കൽ രൂപരേഖയിൽ ഉൾപ്പെടുത്തുക. |
| 6 | പദ്ധതി ബാധി തരെ ഭൂമിഏറ്റെ ടുക്കൽ നടപടി ക്രമങ്ങളിൽ പങ്കാളികളാ ക്കജശ | നിയന്ത്രണം | ഭൂമിഏറ്റെടുക്കൽ നടപടികുടെ എല്ലാ ഘട്ടത്തിലും പൊതുജനങ്ങ ളുടെയും പദ്ധതി ബാധിതരുടെയും പങ്കാളിത്തം ഉറ പ്പാക്കുക. |
| 7 | പദ്ധതി പരി ഹാരം | നിയന്ത്രണം | പ്രവർത്തന നിരതമായ ഒരു പരാതി പരിഹാര കമ്മിറ്റി വില്ലേജ് തലത്തിൽ ഉറപ്പുവരുത്തുക. |

### 1.7 .സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ

നിർദ്ദിഷ്ട പദ്ധതി ലക്ഷ്യം വയ്ക്കുന്നത് ബാണാസുരസാഗർ ജലസേചന പദ്ധതിയുടെ പ്രധാന കനാലിൽ നിന്ന് കൂടുതൽ പ്രദേശത്തേക്ക് ജലം ലഭ്യമാക്കുന്നതിന് ചെറു കനാൽ സ്ഥാപിക്കുക എന്നുള്ളതാണ്. സംസ്ഥാനത്തെ പ്രധാനപ്പെട്ട ജലസേചന പദ്ധതിയായി ബാണാസുരസാഗർ ജലസേചന പദ്ധതിയുടെ പ്രയോജനം കൂടുതൽ പ്രദേശത്തേക്ക് ലഭ്യമാക്കാൻ ലക്ഷ്യമിട്ട് നടപ്പാക്കുന്ന നിർദ്ദിഷ്ടപദ്ധതി പൊതുതാൽപര്യ പദ്ധതിയായി പദ്ധതി ബാധിതരും പൊതു ജനങ്ങളും പൂർണ്ണമായി കണക്കാക്കുന്നു. ബാണാസുരസാഗർ ജലസേചന പദ്ധതിയുടെ വലുപ്പവും ജലസേചനം ലഭ്യമാക്കുന്ന സ്ഥലത്തിന്റെ അളവും കണക്കാക്കുമ്പോൾ ഇപ്പോൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമി വളരെ കുറഞ്ഞ അളവിൽ ഉള്ളത് മാത്രമാണ്. അതുകൊണ്ട് തന്നെ നിർദ്ദിഷ്ട പദ്ധതിക്ക് ബദൽ നിർദ്ദേശിക്കുവാൻ



KERALA VHS COLLECTORATE P.O. MULLANKUZHY KOTTAYAM-2

സാധിതമാകുന്നില്ല. കൂടാതെ പദ്ധതിയുടെ ഒഴിവാക്കൽ ബാണാസുരസാഗർ ജലസേചന പദ്ധതിയുടെ ലക്ഷ്യനേട്ടത്തെ ഉദ്ദേശ്യം 35% കുറവ് രേഖപ്പെടുത്താൻ സാധ്യതയുണ്ട് .

ഭൂ ഉടമസ്ഥരായ 5 പേർക്കും ഭൂമിയുടെ കൈവശക്കാരായ 4 പേർക്കും ഉണ്ടാകുന്ന നഷ്ടമാണ് പദ്ധതിയുടെ ഏറ്റവും വലിയ പ്രത്യാഘാതം. പദ്ധതി ബാധിതരിൽ ആരും തന്നെ സാമൂഹ്യ സാമ്പത്തിക പിന്നോക്കാവസ്ഥയിൽ ഉള്ളവർ അല്ല എന്നത് തന്നെ മേൽ പറഞ്ഞ ഭൂമി നഷ്ടം മൂലം ഉണ്ടാകുന്ന പ്രത്യാഘാതത്തെ വളരെ കുറഞ്ഞതരം എന്ന് കണക്കാക്കാവുന്നതാണ്, കൂടാതെ പദ്ധതി സംബന്ധമായി വർഷങ്ങളായി ബോധ്യമുള്ള പദ്ധതി ബാധിതർ പദ്ധതിയുടെ നടപ്പാക്കൽ ഏതുസമയത്തും പ്രതീക്ഷിക്കുന്നവരാണ്. അതുകൊണ്ട്തന്നെ മാനസികമായ തയ്യാറെടുപ്പുകൾ പദ്ധതി സംബന്ധമായി എടുത്തിട്ടുള്ളവരാണ്.

നിർദിഷ്ട പദ്ധതി ബാണാസുരസാഗർ മലയുടെ അടിവാരത്തിലാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ലാക്റ്ററേറ്റ് മണ്ണിന്റെ ഗണത്തിൽപെടുന്ന പദ്ധതി പ്രദേശത്തെ മണ്ണിടിച്ചിൽ സാധ്യതയുള്ളതാണ്. പ്രദേശത്ത് നടക്കപ്പെടുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഈ മണ്ണിടിച്ചിൽ സാധ്യത വർധിപ്പിക്കാൻ സാധ്യതയുണ്ട്. അതുകൊണ്ടുതന്നെ പദ്ധതി പ്രദേശത്ത് ഇപ്പോൾ സ്ഥിതിചെയ്യുന്ന താമസ ഭവനങ്ങളുടെയും 2 വാണിജ്യ കെട്ടിടങ്ങളുടെയും സുരക്ഷിതത്വം ഉറപ്പുവരുത്തിവേണം പദ്ധതിയുടെ നടപ്പാക്കൽ രൂപരേഖ തയ്യാറാക്കേണ്ടത്.

പദ്ധതിയുടെ വളരെവൈക്യുള്ള നടപ്പാക്കൽ പദ്ധതി ബാധിതർക്ക് വളരെ മാനസിക ബുദ്ധിമുട്ടുളളതും അനിശ്ചിതത്വവും നൽകിയിട്ടുണ്ട്. പദ്ധതിയുടെ സമയ ബന്ധിത പൂർത്തീകരണം ഇപ്രകാരവുള്ള പ്രത്യാഘാതങ്ങളെ പൂർണ്ണമായും ഇല്ലാതാക്കാനും പദ്ധതി ബാധിതരുടെ സഹകരണം പദ്ധതിക്ക് ഉണ്ടാകാനും സഹായകരമാകുന്നു.

ഭൂരേഖകൾ കൈവശം ഇല്ലാത്ത ഭൂമിയുടെ കൈവശക്കാരായ ഉടമസ്ഥർക്ക് ആവശ്യമായ നിയമസഹായവും നിർദ്ദേശങ്ങളും യഥാസമയം നൽകുന്നതും സാമൂഹ്യ പ്രത്യാഘാതം കുറയ്ക്കുക മാത്രമല്ല, ഭാവിയിൽ ഉണ്ടാകാൻ സാധ്യതയുള്ള പരാതികളുടെ സാധ്യതകളെ വളരെ അധികം കുറയ്ക്കുകയും ചെയ്യും.

ബാണാസുരസാഗർ ജലസേചന പദ്ധതിയുടെ ഭാഗമായി ജില്ലയിൽ പല സ്ഥലത്തും കനാൽ പദ്ധതികൾ ഭാഗിക പൂർത്തീകരണത്തിൽ സ്ഥിതി ചെയ്യുന്നുണ്ട്. ഈ പ്രദേശങ്ങൾ കാട് കയറി, പാമ്പുകളുടെ താവളമായി മാറ്റപ്പെട്ടിട്ടുണ്ട്. ഇപ്രകാരം ഭൂമി ഏറ്റെടുത്തതിന് ശേഷം പദ്ധതി നിർമ്മാണത്തിൽ ഉണ്ടാകാവുന്ന കാല താമസം, തങ്ങളുടെ സ്വൈര്യ ജീവിതത്തെ ബാധിക്കുമോ എന്നആശങ്ക പദ്ധതി ബാധിതർ പങ്ക് വയ്ക്കുകയുണ്ടായി. സമയ ബന്ധിത ഭൂമി ഏറ്റെടുക്കലും, പദ്ധതി നിർവ്വഹണവും, ഇപ്രകാരമുള്ള ആശങ്കകളെ ഇല്ലാതാക്കുകയും പദ്ധതിയിലുള്ള ജന പങ്കാളിത്തം ഉറപ്പ് വരുത്തുകയും ചെയ്യും.

പദ്ധതിയുടെ പ്രഖ്യാപനത്തിനും, അതിർത്തി കല്ലുകളുടെ സ്ഥാപനത്തിനും ശേഷം ഉണ്ടായ വലിയ കാലതാമസം ഭൂമിയുടെ കൈമാറ്റരംഗത്ത് അനിശ്ചിതത്വം സൃഷ്ടിക്കുകയും, ഭൂഉടമസ്ഥർക്ക് അവരുടെ വസ്തുവിന്റെ ലാഭകരമായ കൈമാറ്റത്തിനും, പരിപാലനത്തിനും തടസ്സയങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. സമയ ബന്ധിതമായ ഭൂമി ഏറ്റെടുക്കൽ നപടിയിലൂടെ ഇപ്രകാരമുള്ള പ്രത്യാഘാതങ്ങൾ കുറയ്ക്കാവുന്നതാണ്.

പദ്ധതി പൊതുസ്വകാര്യ റോഡിനെയും ഒരു പൊതുറോഡിനെയും ബാധിക്കുകയും ഏതാനും ഭൂമികളിലേക്കുള്ള പ്രവേശന മാർഗ്ഗങ്ങളെ തടസ്സപ്പെടുത്തുകയും ചെയ്യുന്നു. ഈ

KERALA VHS
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

പ്രവേശന മാർഗ്ഗങ്ങളുടെ പുനഃസ്ഥാപനം നടപ്പാക്കൽ രൂപരേഖയിൽ ഉൾപ്പെടുത്തുന്നത് പദ്ധതിയുടെ പ്രത്യാഘാതം ഗണ്യമായി കുറയ്ക്കാൻ സഹായകമാണ്.

മേൽ പറഞ്ഞ വിശകലനങ്ങൾ സൂചിപ്പിക്കുന്നത് പദ്ധതി ഏറ്റെടുക്കുന്ന ഭൂമിയിലും സമീ പ്രദേശങ്ങളിലും സൃഷ്ടിക്കുന്ന പ്രത്യാഘാതം ന്യായമായ നഷ്ടപരിഹാരത്തിലൂടെയും പുനഃസ്ഥാപന മാർഗ്ഗങ്ങളിലൂടെയും ഗണ്യമായി കുറയ്ക്കാനും സാധ്യമെങ്കിൽ ഇല്ലാതാ ക്കാനും സാധിക്കും എന്നതാണ് അതുകൊണ്ടുതന്നെ ഭൂമിഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനർവാസത്തിനും ഉള്ള നിയമം 2013 (30/2013) സെക്ഷൻ 2 (i) (b) (iii) പ്രകാരം പൊതുതാൽപര്യ പദ്ധതിയായി കണക്കാക്കാവുന്നതും ഭൂമിഏറ്റെടുക്കൽ നടപടി ക്രമങ്ങളുമായി മുന്നോട്ട് പോകാവുന്നതുമാണ്.

KERALA VHS ★ MULLANKUZHY ★ KOTTAYAM-2 COLLECTORATE P.O.

## അദ്ധ്യായം 2- പദ്ധതി വിശദീകരണം

### 2.1. പശ്ചാത്തലവും ഭരണ നിർവ്വഹണ ഏജൻസികളുടെ വിശദാംശങ്ങളും

കൽപ്പറ്റയിൽ നിന്നും 21 കി.മീ. അകലെ സ്ഥിതിചെയ്യുന്ന ബാണാസുരസാഗർ അണക്കെട്ട് ഇന്ത്യയിലെ ഏറ്റവും വലിയ മണ്ണ് കൊണ്ട് ഉണ്ടാക്കിയതും ഏഷ്യയിലെ രണ്ടാമത്തെ വലുതുമായ ഡാമും ആണ്. കബനി നദിയുടെ കരമനത്തോട് കൈവഴിയെ തടഞ്ഞു നിറുത്തിയാണ് ഇത് നിർമ്മിച്ചിട്ടുള്ളത്. കക്കയം ജല വൈദ്യുത പദ്ധതിയുടെ പുരോഗതിക്കു വേണ്ടി 1970 ൽ പണിതുടങ്ങിയ ഈ ഡാം ഈ പ്രദേശത്തെ ജനങ്ങളുടെ ജലസേചനത്തിനും കുടിവെള്ളആവശ്യത്തിനും കൃഷിക്കും പ്രയോജനപ്പെടുക എന്ന ലക്ഷ്യത്തോടെയായിരുന്നു.

കിലോമീറ്ററുകൾ വ്യപിച്ചുകിടക്കുന്ന ഈ ഡാം മഞ്ഞുമൂടി കിടക്കുന്നതും ഉയർന്നതുമായ മല നിരകളുടെ ഇടയിലാണ് സ്ഥിതിചെയ്യുന്നത്. ഈ അണക്കെട്ടിന്റ രൂപപ്പെട്ട തടാകത്തിൽ ചെറിയ ദ്വീപുകൾ ഉണ്ട്. ഈ വെള്ളമാണ് കനാൽ പദ്ധതി വഴി കൃഷി ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത്. 6.70 റ്റി.എം.സി വെള്ളം സംഭരിക്കാനുള്ള ശേഷി ഈ അണക്കെട്ടിനുണ്ട്. അതിൽ നിന്ന് 5 റ്റി.എം.സി വെള്ളം കുറ്റ്യാടി ജലവൈദ്യുത പദ്ധതിക്കും ബാക്കി 1.70 റ്റി.എം.സി വെള്ളം ഈ പദ്ധതിക്കുവേണ്ടിയും ഉപയോഗിക്കുന്നു. കൃഷിക്കാവശ്യമായിട്ടുള്ള വെള്ളം അണക്കെട്ടിൽ നിർമ്മിച്ചിരിക്കുന്ന നീർച്ചാൽ വഴിയാണ് ഒഴുക്കിവിടുന്നത്. 1971 ൽ 1137.07 ലക്ഷം രൂപയ്ക്ക് പണി ആരംഭിച്ച ബാണാസുര സാഗർ ഡാം 2800 ഹെക്ടർ കൃഷി ഭൂമിക്ക് ആവശ്യമായ ജലസേചനം നൽകാൻ ഉപയോഗപ്പെട്ടു. ഈ അണക്കെട്ടിന്റെ കനാൽ പദ്ധതിക്ക് 2.73 നീളവും അതിന്റെ കൈവരികൾക്ക് 13.76 കി.മീ. നീളവും അതിന്റെ കൈവരികൾക്ക് 13.76 കി.മീ നീളവും അതിന്റെ 14 വിതരണ ശൃഖലകൾ കൂടി 69.04 കി.മീ നീളവും ഉണ്ട്. 2010 ൽ പരിഷ്കരിച്ച ഈ പദ്ധതിയുടെ കണക്കെടുപ്പിന്റ 185.5 കോടി രൂപയുടെ ചിലവ് രേഖപ്പെടുത്തിയിട്ടുണ്ട്. 2.73 കിലോമീറ്റർ നീളമുള്ള പ്രധാന കനാലിന്റെ സി.എച്ച്. 0-150മീ, സി.എച്ച് 1130 മീ.-1500 മീ. ഒഴികെ ബാക്കി പൂർത്തീകരിച്ചിട്ടുണ്ട്. പ്രധാന കനാലിന്റെ വിതരണശൃംഖലകൾ ഈ വർഷം പൂർത്തീകരിക്കും. കെ.എസ്.ഇ.ബിയ്ക്ക് നൽകിയിരിക്കുന്നത് ഉൾപ്പെടെ 3697 ലക്ഷംരൂപയാണ് ചിലവ് വരുത്തിയിരിക്കുന്നത്. കനാലിന്റെ ആദ്യ രണ്ട് ഘട്ടം 80 കളിലും 90 കളിലും പൂർത്തീകരിച്ചു. അതിനുശേഷം കനാൽ പദ്ധതിക്ക് ഇന്ത്യാഗവൺമെന്റ് വേണ്ടത്ര പ്രാധാന്യം നൽകിയില്ല. ഈ നയമാറ്റം ബാണാസുരസാഗർ കനാൽ പദ്ധതിക്ക് സാമ്പത്തിക പ്രതിസന്ധിയുണ്ടാക്കി. മറ്റ് സാങ്കേതിക കാരണങ്ങളും കൂടി ഈ പദ്ധതിക്ക് കാലതാമസം ഉണ്ടാക്കി. എന്നാൽ ഇപ്പോൾ ആ പ്രദേശത്തെ ജലക്ഷാമത്തിന് ശാശ്വത പരിഹാരമായി ഈ പദ്ധതി പൂർത്തീകരിക്കാൻ ഗവൺമെന്റ്തീരുമാനിച്ചു. ഇതു കൂടാതെ കഴിഞ്ഞ വർഷത്തെ പ്രളയവും ഈ പദ്ധതി വേഗത്തിലാക്കാൻ ഗവൺമെന്റിനെ നിർബന്ധമാക്കി. പ്രധാന പാതയിൽ നിന്നും നിർദ്ദേശിക്കപ്പെട്ട ഈ പദ്ധതിയുടെ നിർമ്മാണം കൂടുതൽ പ്രദേശങ്ങൾക്കും ഗുണകരമാവുന്നു. നിർദ്ദേശിക്കപ്പെട്ട പദ്ധതിയുടെ 0.1586 ഹെക്ടർ ഭൂമിഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചുകഴിഞ്ഞു. ഈ ഭാഗം പ്രധാന കനാലിനും കൈവഴികൾക്കും ഇടയിലാണ് സ്ഥിതിചെയ്യുന്നത്.

#### 2.1.1. റിക്വസിഷൻ അധികാരി

#### 2.1.1. (എ). ജലസേചന വകുപ്പ്, കേരളം

കേരളത്തിൽ ജലസേചന വകുപ്പ് തുടക്കത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ഭാഗമായിരുന്നു. റിട്രെഞ്ച്മെന്റ് കമ്മറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പിലെ ഉദ്യോഗസ്ഥരെ വെട്ടികുറയ്ക്കുകയും ജലസേചന വിഭാഗം രൂപീകരിക്കുന്നതിലേക്ക് നയിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ 1109 മീന മാസം 6-ാം തീയതി (19/3/1934)ൽ സംസ്ഥാനത്തിന്റെ ജലസേചന പ്രവർത്തനങ്ങൾ നടത്തുന്നതിന് മൂന്ന് ഉപ



KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

വിഭാഗങ്ങളും ഒമ്പത് വിഭാഗങ്ങളും രൂപീകരിച്ചു. 1990 മാർച്ച് 29 ലെ ജി.ഒ (പി) നമ്പർ 27/90/ പി.ഡബ്ള്യുടറ്റി പ്രകാരം പൊതുമരാമത്ത്വകുപ്പ്, ജലസേചന വകുപ്പ്, പൊതുമരാമത്ത്വകുപ്പ്എന്നിങ്ങനെ രണ്ട് വകുപ്പുകളായി വിഭജിക്കപ്പെട്ടു. 1990 ഏപ്രിൽ ഒന്നാംതീയതി ഇത് പ്രാബല്യത്തിൽവന്നു.

കാർഷിക ഉത്പാദനം പ്രധാനമായും കാലാവസ്ഥയെ ആശ്രയിച്ചാണിരിക്കുന്നത്. ഉൽപ്പാദത്തിലെ സ്വഭാവിക കാലാവസ്ഥ തടസ്സങ്ങളെ മറികടക്കാൻ മനുഷ്യന് സാധിക്കുകയില്ല. സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്കും ഉൽപ്പാദനക്ഷമതയ്ക്കും ഇത് വളരെ പ്രധാന ഘടകമാണ്. ജൂൺ മുതൽ ഓഗസ്റ്റ് വരെയും ഒക്ടോബർ മുതൽ നവംബർ വരെയുമുള്ള മൺസൂൺ മാസങ്ങളിൽ വാർഷിക മഴയുടെ 90% നമ്മുടെ സംസ്ഥാനത്തിന് ലഭിക്കുന്നു. ശേഷിക്കുന്ന ഡിസംബർ മുതൽ മെയ് വരെയുള്ള കാലയളവ് വരണ്ടതാണ്. മഴക്കാലത്ത് ലഭിക്കുന്ന മഴവെള്ളത്തിന്റെ ഭൂരിഭാഗവും 48 മണിക്കൂറിനുള്ളിൽ കടലിലേക്ക് ഒഴുകുന്നു. കേരളത്തിൽ വിളകൾ വിജയകരമായി കൃഷി ചെയ്യുന്നതിന് ജലസേചനം അനിവാര്യമാണെന്ന് മനസ്സിലായി. 1960 കളിലും 70 കളിലും സംസ്ഥാനത്ത് കടുത്ത ഭക്ഷ്യധാന്യ ക്ഷാമം നേരിട്ടു. ജലസേചന ജലം ലഭ്യമാക്കുന്നതിന് വിവിധ മാർഗ്ഗങ്ങളുണ്ടെങ്കിലും, ഏറ്റവും മികച്ചതും വിശ്വസനീയവുമായ മാർഗ്ഗം മൺസൂൺ സമയത്ത് വെള്ളം ശേഖരിക്കുന്നതിനായി ജലസംഭരണികളുടെ നിർമ്മാണവും വിളകളുടെ നിർണ്ണായക കാലഘട്ടങ്ങളിൽ ജലസംഭരണിയിലെ ജലം ഉപയോഗപ്പെടുത്തുന്നതുമാണ്. അതിനാൽ വലുതും, ഇടത്തരവുമായ പദ്ധതികൾ ഏറ്റെടുക്കുകയും കൃഷിചെയ്യാവുന്ന ഭൂമിയുടെ വലിയൊരു ഭാഗം ഈ പദ്ധതികൾ പ്രകാരം ആയക്കട്ട് ആക്കുകയുംചെയ്തു.

കേരളത്തിലെ ജലസേചന വകുപ്പിന്റെ ഭരണപരമായ തീരുമാനങ്ങൾ ജലവിഭവ വകുപ്പ് എടുക്കുന്നു. വകുപ്പിന് യോജിച്ച സംഘടനാ തീരുമാനങ്ങൾ എടുക്കുന്നതിൽ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പ് മന്ത്രിയെ പിന്തുണയ്ക്കുന്ന സർക്കാരിന്റെ അഡീഷണൽ ചീഫ് സെക്രട്ടറിയാണ് അഡ്മിനിസ്ട്രേറ്റീവ് ഹെഡ്. "എല്ലാ പൗരൻമാർക്കും ജലം ലഭ്യമാക്കാനുള്ള അവകാശം യാഥാർത്ഥ്യമാക്കി മാറ്റുന്നുവെന്ന് ഉറപ്പാക്കുക എന്നതാണ് വകുപ്പിന്റെ പ്രവർത്തനങ്ങൾ കേന്ദ്രീകരിച്ചുള്ളഅടിസ്ഥാന തത്വം".

### ഇറിഗേഷൻ ഡിവിഷൻ ഓഫീസ്, വയനാട്

റിക്വസിഷൻ ഏജൻസിയായി പ്രവർത്തിക്കുന്നത് ഡിവിഷൻ ഓഫീസ്, വയനാട് ആണ്. എക്സിക്യൂട്ടീവ് എഞ്ചിനീയറാണ് ഡിവിഷൻ ഓഫീസ് മേധാവി.അസിസ്റ്റന്റ് എക്സിക്യൂട്ടീവ് ഓഫീസർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരാണ് മറ്റ് നടപ്പാക്കൽ ഉദ്യോഗസ്ഥർ. പടിഞ്ഞാറെത്തറയുള്ള അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയമാണ് പദ്ധതിയുടെ ഫീൽഡ്ലെവൽ നടപ്പാക്കൽ ഓഫീസായി പ്രവർത്തിക്കുന്നത്.

### 2.1.2. ഭൂമിഏറ്റെടുക്കൽ - കാര്യ നിർവ്വഹണവിഭാഗം

സ്പെഷ്യൽ തഹസിൽദാർ ഭൂമിഏറ്റെടുക്കൽ വിഭാഗം വെള്ളമുണ്ട ആണ് പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ അളവും രൂപരേഖകളും തയ്യാർ ചെയ്തിരിക്കുന്നത്. അതിർത്തി കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട് എങ്കിലും ഈ വർഷം ഉണ്ടായ മണ്ണിടിച്ചിൽ മൂലം അതിർത്തികല്ലുകൾ കണ്ടെത്താൻ സാധിച്ചിട്ടില്ല. ഡപ്യൂട്ടി കളക്ടർ (ഭൂമിഏറ്റെടുക്കൽ വിഭാഗത്തിന്റെ മേൽനോട്ടത്തിലും, ജില്ലാ കളക്ടറുടെ നേതൃത്വത്തിലും ആണ് ഈ നടപടി ക്രമങ്ങൾ എല്ലാം നടന്നു വരുന്നത്.

KERALA VHS
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

2.2. പദ്ധതിയുടെ പൊതു ആവശ്യ പ്രസക്തി

ജലസേചന ആവശ്യത്തിനു വേണ്ടി നിർമ്മിച്ച സംസ്ഥാനത്തെ പ്രധാനപ്പെട്ട പൊതു ജലസേചന പദ്ധതിയാണ് ബാണാസുരസാഗർ ജലസേചന പദ്ധതി. 1970 കളുടെ ആരംഭത്തിൽ നിർമ്മാണം ആരംഭിക്കുകയും 1970കളുടെ അവസാനം പ്രവർത്തന സജ്ജമാക്കുകയും ചെയ്ത പദ്ധതി വയനാട് ജില്ലയുടെ (പഴയകോഴിക്കോട്, കണ്ണൂർജില്ലയുടെ ഭാഗങ്ങൾ) ജലസേചന ആവശ്യം പൂർണ്ണമായി പരിഹരിക്കുന്നതിന് ലക്ഷ്യം വച്ച പദ്ധതിയാണ്. എന്നാൽ പിൽകാലത്ത് കുറ്റിയാടി പദ്ധതിയിലേക്ക് ജലം ഒഴുക്കി വൈദ്യുതി ഉൽപാദിപ്പിക്കുന്ന ജലവൈദ്യുത പദ്ധതിയുടെ ഭാഗമായി ബാണാസുരസാഗർ ജലവൈദ്യുത പദ്ധതി മാറ്റപ്പെട്ടു. ജലസേചനത്തിനു ജല വൈദ്യുതി പ്രയോജനപ്പെടുന്നതുകൊണ്ട് തന്നെ ബാണാസുരസാഗർ ജലസേചന പദ്ധതി ജലസേചന വകുപ്പിന്റെയും ജലവൈദ്യുത വകുപ്പിന്റെയും പരസ്പര സഹകരണത്തോടുകൂടെ നടത്തപ്പെടുന്ന ഏക അണക്കെട്ടു പദ്ധതിയാണ്. കൂടാതെ ഏഷ്യയിലെ ഏറ്റവും വലുതും ഇന്ത്യയിലെ ആദ്യത്തെതുമായ മൺചിറ അണക്കെട്ട് ആണ് ബാണാസുരസാഗർ പദ്ധതി. 1979-ൽ പ്രവർത്തന സജ്ജമായി എങ്കിലും ജലസേചന സൗകര്യം വ്യാപിപ്പിക്കപ്പെടുന്നതിനുള്ള കനാൽ ജലസേചന പദ്ധതി പല കാരണങ്ങൾകൊണ്ടും വർഷങ്ങളോളം നീണ്ടു പോകുകയായിരുന്നു. 1990 കളുടെ ആരംഭത്തിൽ തുടങ്ങിയ ബാണാസുരസാഗർ കനാൽ ജലസേചന പദ്ധതി പൂർണ്ണമായി പൂർത്തീകരിക്കാൻ നാളിതുവരെയും സാധിച്ചിട്ടില്ല. 1990 കളുടെ അവസാനം കനാൽ ജലസേചന പദ്ധതിക്ക് അനുകൂലമല്ലാത്ത രീതിയിൽ കേന്ദ്ര ഗവൺമെന്റുകളുടെ ജലസേചന നയം രൂപപ്പെട്ടതും മറ്റ് ചില സാങ്കേതിക കാരണങ്ങളും തുടർന്നുണ്ടായ സാമ്പത്തിക ബുദ്ധിമുട്ടുമാണ് പദ്ധതിയുടെ പൂർത്തീകരണം സാധ്യമാകാതിരുന്നത്. എന്നാൽ 2017-ൽ പദ്ധതിയുടെ ജലസേചന സൗകര്യം പൂർണ്ണതോതിൽ ഉപയോഗപ്പെടുത്തുന്നതിനാവശ്യമായി കനാൽ ജലസേചന പദ്ധതി സംസ്ഥാന സർക്കാർ തീരുമാനിക്കുകയും ജി ഒ ആർ ഡി നം: 369/2017/ആർ.ഡി. തീയതി 31/01/2017 &ജി ഒ ആർ ഡി നം: 5182/2017/ ആർ.ഡി തീയതി 01/12/2017 പ്രകാരം സാങ്കേതിക സാമ്പത്തിക അനുമതി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ വിതരണ കനാലുകളുടെ പണി പൂർത്തീകരണത്തിനായി 0.15686 ഹെക്ടർ ഭൂമിയുടെ ഏറ്റെടുപ്പ് നടപടികൾ പൂർത്തീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു. തുടർന്ന് ജില്ലാകളക്ടർ പ്രസ്തുത ഭൂമിയിൽ പ്രത്യാഘാത പഠനം നടത്താൻ തീരുമാനിക്കുകയും കേരള വോളണ്ടറി ഹെൽത്ത് സർവ്വീസിനെ പഠനത്തിനായി നിയോഗിക്കുകയും ചെയ്തു. ഈ സാമൂഹിക പ്രത്യാഘാത റിപ്പോർട്ട് മേൽസാഹചര്യത്തിൽ പഠനത്തിനു ശേഷം രൂപപ്പെടുത്തി സമർപ്പിക്കുന്നതാണ്.

2.3. പദ്ധതിയുടെ സ്വഭാവം, ഘടന, പ്രദേശം, ലക്ഷ്യം, ചിലവ്, പ്രാപ്തി, നഷ്ടംഎന്നിവ

| ക്രമ നം. | ഉണ്ടാകാവുന്ന നഷ്ടം | എണ്ണം | പ്രത്യാഘാതത്തിന്റെ തീവ്രത | ലഘൂകരണ നടപടികൾക്ക്ശേഷം ഉണ്ടാകാവുന്ന തീവ്രത |
|---|---|---|---|---|
| 1. | സാധുവായ ഭൂരേഖകളുള്ള ഭൂമിയുടെ നഷ്ടം | 5 | ഉയർന്നത് | ഉയർന്നത് |
| 2. | അസാധുവായ ഭൂരേഖകളുള്ള ഭൂമിയുടെ നഷ്ടം | 4 | കുറഞ്ഞത് | കുറഞ്ഞത് |
| 3. | വാസയോഗ്യമായ വീടുകളുടെ സുരക്ഷ | 5 | കുറഞ്ഞത് | കുറഞ്ഞത് |
| 4. | സ്വകാര്യവാണിജ്യ കെട്ടിടത്തിന്റെ സുരക്ഷ | 1 | കുറഞ്ഞത് | കുറഞ്ഞത് |

KERALA V H S
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

| | | | | |
|---|---|---|---|---|
| 5 | ഭൂമിയിലേക്കുള്ള പ്രവേശന മാർഗ്ഗങ്ങളുടെ നഷ്ടം | 9 | കുറഞ്ഞത് | കുറഞ്ഞത് |
| 6 | താമസ ഭവനങ്ങളുടെ പ്രവേശന മാർഗ്ഗങ്ങളുടെ നഷ്ടം | 4 | ഉയർന്നത് | കുറഞ്ഞത് |

**2.3.1. പദ്ധതി പ്രദേശം**

വയനാട് ജില്ലാ ആസ്ഥാനമായ കൽപ്പറ്റയിൽ നിന്നും 21 കി.മീ. അകലെ സ്ഥിതിചെയ്യുന്ന ബാണാസുരസാഗർ അണക്കെട്ടിൽ നിന്ന് 1 കി.മീ.അകലെ ആയി ആണ് പദ്ധതി പ്രദേശം സ്ഥിതിചെയ്യുന്നത്. അണക്കെട്ടിന്റെ പ്രധാന കനാൽ നിർമ്മാണം പദ്ധതി പ്രദേശത്തിനു സമീപം താൽക്കാലികമായി അവസാനിപ്പിക്കപ്പെട്ടിരിക്കുകയാണ്. ഈ പ്രധാന കനാലിൽ നിന്നുമാണ് വിതരണ കനാലുകൾ രൂപപ്പെടേണ്ടത്. ഇപ്രകാരമുള്ള ഒരു വിതരണ കനാലിന്റെ നിർമ്മാണത്തിനു വേണ്ടിയാണ് 0.15686 ഹെക്ടർ ഭൂമി ഗവൺമെന്റ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. കേരളത്തിന്റ ഏറ്റവും പ്രധാനപ്പെട്ട വിനോദ സഞ്ചാരകേന്ദ്രമായി ബാണാസുരസാഗർ അണക്കെട്ടും സമീപ പ്രദേശങ്ങളും മാറി കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് തന്നെ പദ്ധതി പ്രദേശത്തിന്റെ വാണിജ്യ പ്രാധാന്യം നാൾക്കുനാൾ വർദ്ധിച്ചു വരുകയാണ്. ബാണാസുരസാഗർ കുന്നുകളുടെ അടിവാരത്തിലുളള പദ്ധതി പ്രദേശം ഏറ്റെടുക്കുന്നതിനു വേണ്ടി അതിർത്തികല്ലുകൾ സ്ഥാപിച്ച കാലഘട്ടത്തിൽ കേവലം 2 വീടുകൾ മാത്രം ഉണ്ടായിരുന്ന പ്രദേശത്ത് ഇന്ന് ആറോളം പുതിയ വീടുകൾ ഉയർന്നു വന്നിട്ടുണ്ട്. വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിൽ പടിഞ്ഞാറത്തറ പട്ടണത്തിൽ സമീപസ്ഥമായ പദ്ധതി പ്രദേശത്തിന്റെ ചില ഭാഗങ്ങൾ ഇപ്പോഴും നിയമാനുസൃതം ഭൂരേഖ ഇല്ലാത്ത ആളുകളുടെ ഉടമസ്ഥതയിലാണ്

**2.4. പദ്ധതി നിർവ്വഹണഘട്ടം**

ഭൂമി ഏറ്റെടുക്കൽ നടപടികളുടെ പ്രാരംഭമായ സാമൂഹ്യ പ്രത്യാഘാത പഠനത്തിന് പദ്ധതി പ്രദേശം വിധേയമാക്കിയിരിക്കുകയാണ്.

**2.5. പദ്ധതി രൂപരേഖയുടെ വിശദാംശങ്ങൾ**

ബാധകമല്ല

**2.6. പദ്ധതിക്ക് സഹായകരമായ മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത**

ബാധകമല്ല

**2.7. ആവശ്യമായ തൊഴിലാളികളുടെ (സ്ഥിരം/ താൽക്കാലികം) ആവശ്യകത**

ബാധകമല്ല

**2.8. സാമൂഹിക പ്രത്യാഘാത പഠനമോ, പരിസ്ഥിതി ആഘാത പഠനമോ മറ്റ് സാധ്യതാ പഠനങ്ങളോ നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ**

ബാധകമല്ല

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

## 2.9. പദ്ധതിയെ ബാധിക്കുന്ന നിയമങ്ങളും നയങ്ങളും

| ക്രമ നം. | നിയമവും നയങ്ങളും | ബാധിക്കുന്ന മേഖല |
|---|---|---|
| 1. | ഭൂമിഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ളഅവകാശ നിയമവും ചട്ടങ്ങളും 2013 | പ്രത്യാഘാതലഘൂകരണം |
| 2. | ഭൂമിഏറ്റെടുക്കൽ നിയമം 1893<br>ഭൂമിഏറ്റെടുക്കൽ നിയമം (കേരളാ ചട്ടങ്ങൾ 1990)<br>ഭൂമിഏറ്റെടുക്കൽ നിയമം 1961<br>ഭൂമിഏറ്റെടുക്കൽ നിയമം<br>ചട്ടങ്ങൾ | ഭൂമിഏറ്റെടുക്കൽ |
| 3 | കേരള - കടകളും-സ്ഥാപന നിയമവും | പുനരധിവാസം |

KERALA VHS
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

## അദ്ധ്യായം 3

## സാമൂഹികപ്രത്യാഘാത പഠനം - സമീപനവും രീതിശാസ്ത്രവും

### 3.1. പശ്ചാത്തലം

ജി.ഒ.പി നം. 369/2017/ആർ.ഡി. തീയതി 31/01/2017 പ്രകാരം കേരള സർക്കാർ സാജു.വി.ഇട്ടി, എക്സിക്യുട്ടീവ് ഡയറക്ടർ കേരളാവി.എച്ച്.എസ്സ് നേയും അദ്ദേഹത്തിന്റെ ടീമിനെയും ബാണാസുര സാഗർ ജല സേചന പദ്ധതി കപ്പുംകുന്നു വിതരണ കനാൽ പദ്ധതിയുടെ സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്നതിനുള്ള യൂണിറ്റ് ആയി ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സാമൂഹിക പ്രത്യാഘാത യൂണിറ്റ് രൂപപ്പെടുത്തി 2019 മാർച്ച് മാസം മുതൽ 2019 ജൂൺ മാസം വരെ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുകയായിരുന്നു.

### 3.2. സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് ടീമിന്റെ ഘടനയും വിവരങ്ങളും

| ക്രമ നം. | പേര്, മേൽവിലാസം | ടീമിലെ സ്ഥാനം | പ്രവർത്തന പരിചയവും മറ്റ് വിവരങ്ങളും |
|---|---|---|---|
| 1. | സാജു. വി.ഇട്ടി | റ്റീംലീഡർ | 26 വർഷം സാമൂഹികസേവന മേഖലയിൽ ഉള്ള പ്രവർത്തന പരിചയം. പുനരധിവാസ പുനസ്ഥാപന പ്രവർത്തനങ്ങളിലും സാമൂഹിക വിവര ശേഖരണ ത്തിലും ഗവേഷണത്തിലും ഉള്ള പ്രവർത്തി പരിചയം. |
| 2. | രാകേഷ് ആർ. നായർ | പുനരധിവാസ പുനസ്ഥാപന വിദ ഗ്ദൻ സാമൂഹിക വിവര ശേഖകൻ | 11 വർഷത്തെ പ്രവർത്തന പരി ചയം |
| 3. | സ്മിത ആർ | പുനരധിവാസ പുനസ്ഥാപന വിദ ഗ്ദ സാമൂഹികവിവര ശേഖക | 19 വർഷത്തെ പ്രവർത്തന പരി ചയം |
| 4. | എം.ഇബ്രാഹിംകുട്ടി | സാമൂ ഹികശാസ്ത്ര ജ്ഞൻ | Rtd.ജോയിന്റ് ഡയറക്ടർ സോഷ്യൽ വെൽഫെയർ ബോർഡ് 36 വർഷത്തെ പ്രവർത്തി പരി ചയം |
| 5. | ഷീബ ജോൺസൻ | ഡേറ്റ അനലൈ സർ & വിവര ക്രോഡീകരണം | 26 വർഷത്തെ പ്രവർത്തി പരി ചയം |
| 6. | എൻ.വിജയകുമാര പിള്ള | ഉപദേശകൻ- ഭൂമിഏറ്റെടുക്കൽ | Rtd. റവന്യു ഇൻസ്പെക്ടർ |
| 7. | ഒ.സി.ചാണ്ടി | ഉപദേശകൻ- ഭൂമിഏറ്റെടുക്കൽ | Rtd. വില്ലേജ്ഓഫീസർ |

KERALA VHS ★ MULLANKUZHY ★ KOTTAYAM-2 COLLECTORATE P.O.

### 3.3. പഠന സമീപനം

വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിൽ പടിഞ്ഞാറത്തറ വില്ലേജിൽ ഉൾപ്പെടുന്ന പദ്ധതി പ്രദേശം ഉദ്ദേശം രണ്ടായിരത്തോളം ആളുകൾ അധിവസിക്കുന്ന സ്ഥലമാണ്. പഠനത്തിന്റെ ഭാഗമായി പ്രധാനപ്പെട്ട പദ്ധതി പങ്കാളികളെ സാമൂഹിക വിശകലനത്തിലൂടെ കണ്ടെത്തുകയും അവരുമായി ആശയ വിനിമയ സംവിധാനം രൂപപ്പെടുത്തുകയും പഠനത്തിന് അവരുടെ പങ്കാളിത്തം ഉറപ്പു വരുത്തുകയും ചെയ്തു. തുടർന്ന് വില്ലേജ് ഓഫീസ്, സെപ്ഷ്യൽ തഹസിൽദാർ ഓഫീസ്, താലൂക്ക് ഓഫീസ്, പഞ്ചായത്ത്, ഓഫീസ്, എന്നിവിടങ്ങളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുകയും പദ്ധതി ബാധിതരുടെ വിവര ശേഖരണത്തിനായി ഒരു ചോദ്യാവലി തയ്യാറാക്കുകയും ഉണ്ടായി. തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് ഓരോ പദ്ധതി ബാധിത കുടുംബത്തെയും സന്ദർശിച്ച് സാമൂഹിക-സാമ്പത്തിക-സാംസ്കാരിക വിവരശേഖരണം നടത്തുകയും ആയത് ക്രോഡീകരിച്ച് വിശകലനം നടത്തുകയും ഉണ്ടായി. സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് പദ്ധതി ബാധിതരുടെ കൂട്ടായ ചർച്ചകൾ സംഘടിപ്പിക്കുകയും അഭിപ്രായങ്ങൾ സ്വീകരിക്കുകയും ഉണ്ടായി. പദ്ധതി ബാധിതർക്ക് വേണ്ടി ആവശ്യമായ വ്യക്തിഗത പഠനങ്ങൾ നടത്തുകയും വിവരശേഖരണം ലക്ഷ്യമിട്ട് പദ്ധതി പ്രദേശങ്ങളിലൂടെയാത്രകൾ സംഘടിപ്പിക്കുകയും ഉണ്ടായി. ജനപ്രതിനിധികളുമായി ഒറ്റയ്ക്കും കൂട്ടായും കൂടിയാലോചനകൾ നടത്തുകയും അഭിപ്രായങ്ങൾ സ്വീകരിക്കുകയും ചെയ്തു.

### 3.4. പദ്ധതിയുടെ രീതിശാസ്ത്രവും നടപ്പിലാക്കിയ മാർഗ്ഗങ്ങളും

പദ്ധതി സംബന്ധമായി ലഭ്യമായ എല്ലാ രേഖകളും വിവിധ ഓഫീസുകളിൽ നിന്നും ശേഖരിക്കുകയും പദ്ധതി പ്രദേശങ്ങളിൽ നിരന്തരം സന്ദർശിക്കുകയും വിവിധ വ്യക്തികളുമായി കൂടിയാലോചനകൾ നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പദ്ധതി ബാധിതരെ കണ്ടെത്തുകയും അവരുമായി നേർക്കുനേർ സംസാരിച്ച് മുൻ തയ്യാറാക്കിയ ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ വിവരശേഖണം നടത്തുകയും ഉണ്ടായി. ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ വീണ്ടും പദ്ധതി ബാധിതരുമായി കൂടിയാലോചനകൾ നടത്തി സാമൂഹിക പ്രത്യാഘാതത്തിന്റെ വ്യാപ്തിയും തോതും വിവിധ ഗവേഷണമാർഗ്ഗങ്ങൾ ഉപയോഗപ്പെടുത്തി വിശകലനം ചെയ്യുകയാണ് ഉണ്ടായത്. മേൽപ്പറഞ്ഞ വിവരശേഖരണത്തിന്റെയും പഠനത്തിന്റെയും അടിസ്ഥാനത്തിൽ ആണ് കരട് റിപ്പോർട്ട് തയ്യാറാക്കിയത്.

### 3.5. വിവരശേഖരണകേന്ദ്രങ്ങൾ

1. സ്പെഷ്യൽ തഹസിൽദാർ, എൽ.എ
2. പഞ്ചായത്ത്, പടിഞ്ഞാറത്തറ
3. ജലസേചന ഓഫീസ്, പടിഞ്ഞാറത്തറ
4.വില്ലേജ് ഓഫീസ് പടിഞ്ഞാറത്തറ
5. സ്പെഷ്യൽ തഹസിൽദാർ, വെള്ളമുണ്ട
6. പദ്ധതി ബാധിതരായ കുടുംബങ്ങളും ഭൂഉടമകളും

### 3.6. നടപടികളും സമയക്രമങ്ങളും

08/08/2019 - സാജു.വി.ഇട്ടി, എക്സിക്യൂട്ടീവ് ഡയറക്ടർ, കേരളാവി.എച്ച്.എസ്സ് നെ സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്നതിന് ജില്ലാ കളക്ടർ നിയോഗിച്ചു.

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

11/08/2019- പ്രത്യാഘാത പഠനം നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഡപ്യൂട്ടി കളക്ടറുടെ കത്ത് ലഭിച്ചു

22/08/2019 24/08/2019 - സെക്കന്ററി വിവരശേഖരണം

25/08/2019 - 26/08/2019- ബന്ധപ്പെട്ട കക്ഷികളെ കണ്ടെത്തൽ

26/08/2019 - 01/09/2019 - സാമൂഹികസർവ്വേ

27/08/2019 & 28/09/2019- പദ്ധതി ബാധിതരുടെ യോഗം/ പദ്ധതി ബാധിതരായ ഭൂഉടമസ്ഥരുമായുള്ള കൂടിക്കാഴ്ച

01/09/2019 & 02/09/2019 - ട്രാൻസിറ്റ് വോക്ക്, ഒബ്സർവേഷണൽ സ്റ്റഡി, വ്യക്തിഗത പഠനങ്ങൾ

06/09/2019 - കരട്റിപ്പോർട്ട്

### 3.7. പദ്ധതി ബാധിതരുമായുള്ള കൂടിക്കാഴ്ചയിൽ ഉന്നയിക്കപ്പെട്ട പ്രധാന അഭിപ്രായങ്ങൾ

1. സമയബന്ധിതമായ ഭൂമി ഏറ്റെടുക്കൽ നടപടി ക്രമങ്ങൾ പദ്ധതിയുടെ പ്രത്യാഘാതം വളരെയധികം കുറയ്ക്കും.
2. ഭൂമിയിലേക്കും വീടുകളിലേക്കുമുമ ഗതാഗത സൗകര്യങ്ങൾ നിലവിലുള്ള രീതിയിൽ പുനഃസ്ഥാപിക്കണം.
3. ഭൂമിക്ക് ന്യായമായ വില ലഭ്യമാക്കണം
4. നഷ്ടപരിഹാരം ലഭ്യമാക്കിയതിനു ശേഷംമാത്രം ഭൂമിഏറ്റെടുക്കൽ ആരംഭിക്കണം.
5. ഭൂമി ഏറ്റെടുക്കൽ, പുനരധിവാസ നടപടികൾ മുൻകൂട്ടി പദ്ധതിബാധിതരെ അറിയിക്കുകയും ശരിയായ കൂടിയാലോചനകൾ നടത്തുകയും വേണം.
6. പദ്ധതി പ്രദേശത്തെ താമസ ഭവനങ്ങളുടെയും കെട്ടിടങ്ങളുടെയും സുരക്ഷ പദ്ധതി നിർവഹണസമയത്തും പൂർത്തീകരണത്തിനു ശേഷവും ഉറപ്പു വരുത്തണം.

### 3.8. പൊതു അഭിപ്രായ സ്വീകരണം

28/11/2019 ൽ പഞ്ചായത്ത് സാംസ്കാരിക നിലയം ഹാൾ, പടിഞ്ഞാറത്തറ നടന്ന പൊതു അഭിപ്രായ സ്വീകരണത്തിൽ (ഫോറം-5, റൂൾ 14(1), ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥപാനത്തിനുമുള്ള അവകാശ നിയമവും ചട്ടങ്ങളും 2013) പദ്ധതി ബാധിതർ ഉന്നയിച്ച പ്രധാന കാര്യങ്ങൾ

| ക്രമനം. | അഭിപ്രായങ്ങൾ | വിശദീകരണം |
|---|---|---|
| 1 | ബാണാസുരസാഗർ പദ്ധതിയുടെ ഭാഗമായ വിവിധ കനാലുകൾക്ക് വേണ്ടി ഏറ്റെടുത്ത ഭൂമി കനാൽ നിർമ്മിക്കാതെ കാട് മൂടി കിടക്കുകയാണ്. ഇപ്രകാരം ഉള്ള സർക്കാർ ഉടമസ്ഥതയിലുള്ള പ്രദേശങ്ങൾ പാമ്പ് പോലുള്ള വിഷ ഉരഗങ്ങളുടെ ആവാസകേന്ദ്രമാണ്. ആയത് ജനങ്ങളുടെ സ്വൈര്യ ജീവിത്തിന് ഭീഷണിയാണ്. ഇപ്പോൾ ഏറ്റെടുക്കുന്ന സ്ഥലം മേൽപ്പറഞ്ഞ | റിപ്പോർട്ടും ഇക്കാര്യം സൂചിപ്പിക്കുന്നു. പ്രദേശ വാസികളുടെ പൊതുവായ ആശങ്കയാണ് ഇത്. |

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

| | | |
|---|---|---|
| | പ്രകാരം കനാൽ പണി നടത്താതെ കാടു മൂടുവാൻ ഇടയാക്കരുത്. | |
| 2 | കനാൽ പദ്ധതി പൂർത്തിയാകാത്തതിനാൽ പല സ്ഥലത്തും ഭാഗിക നിർമ്മാണം നടന്ന കനാലുകളിൽ വെള്ളം കെട്ടി നിന്ന് കൊതുക് വളർന്ന് പൊതുജനാരോഗ്യ പ്രശ്നങ്ങൾ രൂപപ്പെട്ടിട്ടുണ്ട്. നിർദ്ദിഷ്ട പദ്ധതി അപ്രകാരം ആകാതിരിക്കുവാൻ അധികാരികൾ ശ്രദ്ധിക്കണം. | റിപ്പോർട്ടും ഇക്കാര്യം സൂചിപ്പിക്കുന്നു. പ്രദേശ വാസികളുടെ പൊതുവായ ആശങ്കയാണ് ഇത്. |
| 3 | നിർദ്ദിഷ്ട കനാൽ പദ്ധതിയുടെ സമീപസ്ഥമാ.യി, ആറ് വീടുകളും നാല് കെട്ടിടങ്ങളും സ്ഥിതി ചെ.യ്യുന്നുണ്ട്. ഇക്കഴിഞ്ഞ പ്രളയ സമയത്ത് മണ്ണ് ഇടിഞ്ഞ് ഒരു വീടിന് നാശ നഷ്ടമുണ്ടായി. ഭാവിയിലും മണ്ണിടിച്ചിൽ ഉണ്ടാകാൻ സാധ്യത ഉള്ള സ്ഥലമാണ് പദ്ധതി പര്ദേശം. ആയതിനാൽ പ്രദേശത്തെ ഭവനങ്ങളുടെയും കെട്ടിടങ്ങളുടെയും സുരക്ഷ ഉറപ്പാക്കി വേണം പദ്ധതി നിർമ്മാണം നടപ്പാക്കാൻ. | പദ്ധതി രൂപരേഖ തയ്യാറാക്കുമ്പോൾ ഇക്കാര്യം പ്രത്യേകം പരിഗണിക്കാവുന്നതാണ് |
| 4 | പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുത്തതിന് ശേഷം നിർമ്മാണത്തിന് കാലതാമസം ഉണ്ടായാൽ മണ്ണിടിച്ചിൽ ഭീതി നിലനിൽക്കുന്ന പദ്ധതി പ്രദേശത്തെ വീടുകൾ സുരക്ഷിതത്ത ഭീഷണിയിൽ ആകും. അതുകൊണ്ട് എത്രയും വേഗം പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ച് പൂർത്തീകരിക്കണം. മറ്റിച്ച് പദ്ധതി നിർമ്മാണത്തിൽ കാലതാമസം ഉണ്ടാകും എന്ന് ബോധ്യമായാൽ, കെട്ടിടങ്ങളോട് അനുബന്ധിച്ച് സുരക്ഷിതമല്ലാതെയുള്ള മണ്ണ് (പദ്ധതി പ്രദേശത്തെ ഉൽപ്പെടെ) മാറ്റി കെട്ടിടങ്ങളുടെ സുരക്ഷിതത്തം സർക്കാർ ഉറപ്പ് വരുത്തണം. | പദ്ധതി ബാധിതരുടെ ആശങ്കമാറ്റാനുള്ള നടപടികൾ സ്വീകരിക്കുന്നത് ജന പങ്കാളിത്തം ഉറപ്പ് വരുത്തുക. |
| 5 | പദ്ധതിക്ക് വേണ്ടി ഭൂമി വിട്ടുകൊടുക്കാൻ എല്ലാ പദ്ധതി ബാധിതരും താഴെപ്പറയുന്ന വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ തയ്യാറാണ്. | പദ്ധതിയുടെ പൊതു താൽപ്പര്യ പ്രധാനമാണ് നിർദ്ദേശം ചൂണ്ടികാട്ടുന്നത്. |

KERALA VHS
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

| | | |
|---|---|---|
| | ❖ ഭൂമി ഏറ്റെടുക്കലും പദ്ധതിനിർമ്മാണവും സമയ ബന്ധിതമായി പൂർത്തീകരിക്കണം.<br>❖ ന്യായമായ നഷ്ട പരിഹാരം നൽകണം.<br>❖ സമീപസ്ഥ വീടുകളുടെയും കെട്ടിടങ്ങളുടെയും സുരക്ഷിതത്തം ഉറപ്പ് വരുത്തണം. | |

KERALA V H S
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

## അദ്ധ്യായം 4 - പദ്ധതി ഭൂമിയുടെ വിശകലനം

### 4.1. ഭൂമിയുടെവിവരണം

പദ്ധതിക്കു വേണ്ടി 0.15686 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടത്. ബാണാസുരസാഗർ ജലസേചന പദ്ധതിയുടെ പ്രധാന കനാലിൽ നിന്ന് ജല വിതരണത്തിനായി ജല വിതരണ കനാൽ സ്ഥാപിക്കുന്നതിനു വേണ്ടിയാണ് മേൽപറഞ്ഞ അളവ് ഭൂമി ഏറ്റെടുക്കുന്നത്. 2006 -ൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കപ്പെട്ടപ്പോൾ 2 താമസ ഭവനങ്ങൾ മാത്രമാണ് പദ്ധതി പ്രദേശത്തിനു സമീപമായി ഉണ്ടായിരുന്നത്. കൂടാതെ 90% ഭൂമിക്കും നിയമാനുസൃത കൈവശരേഖകൾ ഉണ്ടായിരുന്നില്ല. എന്നാൽ ഇന്ന് ഏഴോളം പുതിയ താമസഭവനങ്ങൾ പദ്ധതി പ്രദേശത്തിനു സമീപസ്ഥമായി നിർമ്മിക്കപ്പെടുകയും 60% പദ്ധതി ബാധിത പ്രദേശത്തിന് നിയമപ്രകാരം ഭൂരേഖകളുള്ള ഉടമസ്ഥർ ഉണ്ടാകുകയും ചെയ്തു. കേരളത്തിലെ തന്നെ ഏറ്റവും പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രമായ ബാണാസുരസാഗർ അണക്കെട്ടിൽ നിന്ന് 1 കി.മീ മാത്രം അകലെ സ്ഥിതി ചെയ്യുന്ന പദ്ധതി പ്രദേശം വിനോദസഞ്ചാര വികസനവുമായി ബന്ധപ്പെട്ട് വാണിജ്യ പ്രധാനമായ സ്ഥലമാണ്. വൈത്തിരി താലൂക്കിൽ പടിഞ്ഞാറത്തറ വില്ലേജിൽ ഉൾപ്പെടുന്ന പദ്ധതി പ്രദേശം ബാണാസുര കുന്നുകളുടെ അടിവാരത്ത് സ്ഥിതി ചെയ്യുന്നു.

### 4.2. പദ്ധതി പ്രദേശത്തിൽ ഉണ്ടായേക്കാവുന്ന പൊതുവായ പ്രത്യാഘാതം.

കനാൽ ജലസേചന പദ്ധതിയുടെ ആദ്യഘട്ടം 2004 ൽ പൂർത്തിയായി. പക്ഷെ ആദ്യ ഘട്ട ത്തിൽ ലക്ഷ്യമിട്ടത്തിൽ 50% പ്രദേശത്ത് മാത്രമാണ് പ്രയോജനം ലഭ്യമായത്. രണ്ടാംഘട്ടം 2010 ൽ ആരംഭിക്കുകയും ഭാഗികമായി കമ്മീഷൻ ചെയ്യുകയും ചെയ്തു. എന്നാൽ ചില സാങ്കേതിക തകരാറുകൾ മൂലംചില ഉപകനാലുകൾ പ്രവർത്തനക്ഷമമാക്കുന്നതിന് കാലതാമ സമുണ്ടായി. അതേ കാലഘട്ടത്തിൽ വലിയ ജലസേചന പദ്ധതിയിൽ നിന്ന് ചെറുകിട ജല സേചന പദ്ധതിയിലേക്ക് സർക്കാർ മുൻഗണന വ്യത്യാസപ്പെടുകയും കനാൽ ജലസേചന പ്രാധാന്യം നഷ്ടപ്പെടുകയും ചെയ്തു. അതിനാൽ ഉപകനാൽ നിർമ്മാണത്തിന് കാലതാമ സമുണ്ടായി. ഈ പദ്ധതി പൂർത്തീകരിക്കപ്പെട്ടാൽ വൈത്തിരി താലൂക്കിന്റെ എല്ലാ പ്രദേശങ്ങ ളിലും ജലസേചന സൗകര്യം ലഭ്യമാകും

### 4.3. പദ്ധതിക്ക് ആവശ്യമായ ഭൂമിയുടെവിവരണം.

പദ്ധതിയുടെ ജലസേചന സൗകര്യം പൂർണ്ണതോതിൽ ഉപയോഗപ്പെടുത്തു ന്നതിനാവശ്യമായി കനാൽ ജലസേചന പദ്ധതി സംസ്ഥാന സർക്കാർ തീരുമാനിക്കുകയും ജി ഒ ആർ ഡി നം: 369/2017/ആർ.ഡി. തീയതി 31/01/2017 &ജി ഒ ആർ ഡി നം: 5182/2017/ ആർ.ഡി തീയതി 01/12/2017 പ്രകാരം സാങ്കേതിക സാമ്പത്തിക അനുമതി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ വിതരണ കനാലുകളുടെ പണി പൂർത്തീകരണത്തിനായി 0.15686 ഹെക്ടർ ഭൂമിയുടെ ഏറ്റെടുപ്പ് നടപടികൾ പൂർത്തീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു.

### 4.4. പദ്ധതി ബാധിക്കുന്ന പൊതു ഉപയോഗവസ്തുക്കളുടെയും പൊതുസ്വത്തി ന്റെയുംവിവരണം.

ഒരു പൊതു റോഡിനെ മുറിച്ചു കടന്ന് പോകുന്നു.

KERALA VHSS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

**4.5. പദ്ധതിക്കുവേണ്ടിഏതെങ്കിലും ഭൂമി മുൻകൂട്ടി വാങ്ങുകയോ മാറ്റിവയ്ക്കപ്പെടുകയോ, വാടകയ്ക്ക്എടുക്കുകയോ, ഏറ്റെടുക്കുകയോചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരണം.**

ബാധകമല്ല

**4.6. പദ്ധതി ബാധിത പ്രദേശത്തിന്റെസ്ഥാനം, വിസ്തീർണ്ണംമറ്റുവിവരങ്ങൾ**

നിർദിഷ്ട പദ്ധതി ബാണാസുരസാഗർ മലയുടെ അടിവാരത്തിലാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ലാക്റ്ററേറ്റ് മണ്ണിന്റെ ഗണത്തിൽപെടുന്ന പദ്ധതി പ്രദേശത്തെ മണ്ണിടിച്ചിൽ സാധ്യതയുള്ളതാണ്. പ്രദേശത്ത് നടക്കപ്പെടുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഈ മണ്ണിടി ച്ചിൽ സാധ്യത വർദ്ധിപ്പിക്കാൻ സാധ്യതയുണ്ട്.

പദ്ധതിക്കു വേണ്ടി 0.15686 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടത്. ബാണാസുരസാഗർ ജലസേചന പദ്ധതിയുടെ പ്രധാന കനാലിൽ നിന്ന് ജലവിതരണത്തിനായി ജലവിതരണ കനാൽ സ്ഥാപിക്കുന്നതിനു വേണ്ടിയാണ് മേൽപറഞ്ഞ അളവ് ഭൂമി ഏറ്റെടുക്കുന്നത്. 2006 -ൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കപ്പെട്ടപ്പോൾ 2 താമസ ഭവനങ്ങൾ മാത്രമാണ് പദ്ധതി പ്രദേശത്തിനു സമീപമായി ഉണ്ടായിരുന്നത്. കൂടാതെ 90% ഭൂമിക്കും നിയമാനുസൃത കൈവശരേഖകൾ ഉണ്ടായിരുന്നില്ല. എന്നാൽ ഇന്ന് ഏഴോളം പുതിയ താമസഭവനങ്ങൾ പദ്ധതി പ്രദേശത്തിനു സമീപസ്ഥമായി നിർമ്മിക്കപ്പെടുകയും 60% പദ്ധതി ബാധിത പ്രദേശത്തിന് നിയമപ്രകാരം ഭൂരേഖകളുള്ള ഉടമസ്ഥർ ഉണ്ടാകുകയും ചെയ്തു. കേരളത്തിലെ തന്നെ ഏറ്റവും പ്രധാനപ്പെട്ട വിനോദസഞ്ചാരകേന്ദ്രമായ ബാണാസുരസാഗർ അണക്കെട്ടിൽ നിന്ന് 1 കി.മീ മാത്രം അകലെ സ്ഥിതിചെയ്യുന്ന പദ്ധതി പ്രദേശം വിനോദസഞ്ചാര വികസനവുമായി ബന്ധപ്പെട്ട് വാണിജ്യ പ്രധാനമായ സ്ഥലമാണ്. വൈത്തിരി താലൂക്കിൽ പടിഞ്ഞാറത്തറ വില്ലേജിൽ ഉൾപ്പെടുന്ന പദ്ധതി പ്രദേശം ബാണാസുര കുന്നുകളുടെ അടിവാരത്ത് സ്ഥിതിചെയ്യുന്നു.

**4.7. പദ്ധതി ബാധിത പ്രദേശത്തിന്റെസ്വഭാവം, ഘടന, കൃഷിരീതി, ജല ലഭ്യത**

| ക്രമ നം. | ഭൂമിയുടെ ഘടന | നിലവിലെ ഉപ യോഗം | ജല ലഭ്യത | കൃഷിരീതി | പുരയിടങ്ങ ളുടെഎണ്ണം |
|---|---|---|---|---|---|
| 1. | വരണ്ട | താമസസ്ഥലം | ജലസേചന സൗകര്യംഉള്ളത് | | 5 |
| 2 | വരണ്ട | | ജലസേചന സൗകര്യംഉള്ളത് | | 4 |
| | ആകെ | | | | 9 |

**4.8. വസ്തുവിന്റെ വിസ്തൃതി, ഉടമസ്ഥതാസ്വഭാവം, വിവരണം, താമസഭവനങ്ങ ളുടെഎണ്ണം.**

പദ്ധതി ബാധിത പ്രദേശത്ത് പുരയിടത്തിന്റെ ശരാശരി വിസ്തീർണ്ണം സംസ്ഥാന ശരാശരി യോടൊപ്പം നിൽക്കുന്നു. താഴെപ്പറയുന്ന രീതിയിലാണ് പദ്ധതി പ്രദേശത്തെ പുരയിടങ്ങ ളുടെ ഉമസ്ഥാവകാശം.

| പുരയിടത്തിന്റെവിസ്തീർണ്ണം | എണ്ണം |
|---|---|
| 10 സെന്റ്≤ | 0 |

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

| | |
|---|---|
| 10 — 20 സെന്റ് | 2 |
| 20 — 30 സെന്റ് | 5 |
| 30 — 40 സെന്റ് | 2 |
| ആകെ | 9 |

4.9. ഭൂമിവില, ഉടമസ്ഥാവകാശത്തിലെ മാറ്റങ്ങൾ, ഭൂമി കൈമാറ്റം, ഭൂമിയുടെ ഉപയോഗം- കഴിഞ്ഞ 3 വർഷങ്ങളിൽ

ബാധകമല്ല

KERALA VHSS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

## അദ്ധ്യായം 5

## ബാധിക്കപ്പെടുന്ന കുടുംബങ്ങളുടെ എണ്ണവും നഷ്ടപ്പെടുന്ന സ്വത്ത് വിവരങ്ങളും

### 5.1. പദ്ധതി നേരിട്ട് ബാധിക്കപ്പെടുന്ന കുടുംബങ്ങൾ

സാമൂഹിക പ്രത്യാഘാത പഠനം പദ്ധതി ബാധിതരായി കണ്ടെത്തിയിരിക്കുന്നത് 9 ഭൂ ഉടമസ്ഥരെയാണ്. താമസ ഭവനങ്ങൾ ഒന്നും തന്നെ പദ്ധതി ബാധിതരായി കണ്ടെത്തിയിട്ടില്ല. എന്നാൽ നിർമിക്കാൻ ഉദ്ദേശിക്കുന്ന കനാൽ 6 താമസ ഭവനങ്ങളുടെയും 2 വാണിജ്യ കെട്ടിടങ്ങളുടെയും വളരെ സമീപത്തു കൂടിയാണ് കടന്ന് പോകേണ്ടത്. ഇതിൽ 5 താമസ ഭവനങ്ങളും ഒരു വാണിജ്യ കെട്ടിടവും അതിർത്തി കല്ലുകളുടെ സ്ഥാപനത്തിനു ശേഷം സ്ഥാപിക്കപ്പെട്ടവയാണ്. 4 പദ്ധതി ബാധിതരായ ഭൂഉടമകൾക്ക് നിയമപ്രകാരമുള്ള ഉടമസ്ഥാരേഖകൾ കൈവശം ഇല്ലാത്തവരാണ്. എന്നാൽ അവരുടെയെല്ലാം ഭൂരേഖകൾ ലഭ്യമാക്കുന്നതിനുളള അവസാന നടപടിക്രമങ്ങളിലാണെന്ന് ഇവർ അവകാശപ്പെടുന്നു. പദ്ധതി ബാധിതരിൽ ഒരാൾ ഹിന്ദുമത വിശ്വാസിയും 8 പേർ മുസ്ലിംമതസ്ഥരുമാണ്. ഒരു സ്ത്രീ ഭൂഉടമസ്ഥയും മൂന്ന് കൂട്ട് ഭൂ ഉടമസ്ഥരും പദ്ധതി ബാധിതരിൽ ഉണ്ട്. സാമ്പത്തികപരമായി വളരെ പിന്നോക്കാവസ്ഥയിലുളള ഒരു പദ്ധതി ബാധിതനെയും പഠനത്തിൽ കണ്ടെത്തിയിട്ടില്ല. പദ്ധതിബാധിതരുടെ കൈവശഭൂമിയുടെ ശരാശരി അളവ് 26 സെന്റ് മാത്രമാണ്. ഇവരിൽ ആരും തന്നെ നിരക്ഷരരോ കാർഷികവൃത്തി പ്രധാന ഉപജീവന മാർഗ്ഗമായി സ്വീകരിച്ചവരോ അല്ല. അഞ്ചോളം പദ്ധതി ബാധിത ഉടമസ്ഥരുടെ വിദ്യാഭ്യാസ യോഗ്യത പത്താം തരത്തിൽ താഴെയാണ്. പദ്ധതി ബാധിത ഉടമസ്ഥരുടെ ഗണത്തിൽ പെടുന്നില്ല എങ്കിലും പദ്ധതി പ്രദേശത്തിനു തൊട്ടുമുകളിലായി താമസിക്കുന്ന 2 വീടുകളെയും പദ്ധതി ബാധിതരുടെ ഗണത്തിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. മേൽ പറഞ്ഞ ഭവനങ്ങളുടെയും, പദ്ധതി ബാധിതരായ ഭൂഉടമകളായ പദ്ധതി ബാധിതമായ ഭവനങ്ങളുടെയും സുരക്ഷിതത്വം ഉറപ്പുവരുത്തേണ്ടതും അത്യാവശ്യമാണ്

### 5.2. പദ്ധതി നേരിട്ട്അല്ലാതെ ബാധിക്കപ്പെടുന്ന കുടുംബങ്ങൾ

വൈത്തിരി താലൂക്കിൽ ഉൾപ്പെടുന്ന എല്ലാ കുടുംബങ്ങൾക്കും ഈ പദ്ധതിയുടെ പ്രയോജനം പരോക്ഷമായി ലഭ്യമാകുമെന്നാണ് കരുതപ്പെടുന്നത്. ജലസേചന പദ്ധതി പ്രദേശത്ത് വസിക്കുന്ന ഏകദേശം 20,000 കുടുംബങ്ങൾക്കും ഈ പദ്ധതിയുടെ ഫലം പരോക്ഷമായി ലഭിക്കുന്നുണ്ടെന്ന് കണക്കുകൾ ചൂണ്ടിക്കാട്ടുന്നു. പരോക്ഷമായി പദ്ധതി പ്രതികൂലമായി ബാധിക്കപ്പെടുന്ന കുടുംബങ്ങളുണ്ടെന്ന് തെളിയിക്കപ്പെട്ടിട്ടില്ല.

### 5.3. ഉപയോഗപ്രദമായതുംഅല്ലാത്തതുമായ ഭൂമിയുടെയും, മറ്റ്സ്വത്തുക്കളുടെയുംവിവരങ്ങൾ

പദ്ധതി പ്രദേശത്തെ ഭൂമിഎല്ലാ മാനദണ്ഡങ്ങൾ പ്രകാരവും ഉപയോഗ പ്രദമാണ്.

## അദ്ധ്യായം 6

## പദ്ധതി ബാധിതരുടെസാമൂഹ്യ- സാമ്പത്തിക-സാംസ്കാരിക വിവരങ്ങൾ

### 6.1. ജനസംഖ്യാവിവരങ്ങൾ

പദ്ധതി ബാധിതരുടെ സാമൂഹ്യ സാങ്കേതിക സാമ്പത്തിക വിവരങ്ങൾ സൂചിപ്പിക്കുന്നത് പദ്ധതി ബാധിതർ എല്ലാരും തന്നെ മധ്യവർഗ്ഗ സാമ്പത്തിക സ്ഥിതി ഉള്ളവരാണ് എന്നാണ്. പദ്ധതി ബാധിതരുടെ എല്ലാവരുടെയും തന്നെ സാമ്പത്തിക സ്രോതസ്സ് അവരവർ തന്നെ സ്വന്തമായോ മറ്റുള്ളവരുമായി ചേർന്നോ ചെയ്യുന്ന ചെറിയ വ്യാപാരങ്ങളാണ്. പദ്ധതി ബാധിതരുടെ ശരാശരി കൈവശ ഭൂമിയുടെ അളവ് 26 സെന്റ് മാത്രമാണ്. സാമൂഹ്യ സാങ്കേതിക സാമ്പത്തിക പിന്നോക്കാവസ്ഥയിൽ ഉള്ള ആരും തന്നെ പദ്ധതി ബാധിതരിൽ

KERALA VHS
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

ഉൾപ്പെട്ടിട്ടില്ല. മതപരമായ വിതരണം സൂചിപ്പിക്കുന്നത് 9 ൽ 8 പേരും മുസ്ലീം മതവിശ്വാസ ത്തിൽ പെട്ടവരാണ്. ശേഷിക്കുന്നവർ ഹിന്ദുക്കളുമാണ്. ശരാശരി കുടുംബാഗങ്ങളുടെ എണ്ണം 3.5 ആണ്. എന്ന് കണക്കാക്കപ്പെടുന്നു. 9 ഓളം ഭൂ ഉടമസ്ഥരായ പദ്ധതി ബാധിത രിൽ 4 പേർക്ക് സർക്കാർ അംഗീകൃത ഭൂ ഉടമ –രേഖകൾ കൈവശം ഇല്ലാത്തവരാണ്.

6.2. പദ്ധതി ബാധിതരായ ഭൂവുടമകളുടെ വയസ്സ് തിരിച്ചുള്ള വിവരണം

| ഒയസ്സ് | എണ്ണം |
|---|---|
| 20— 30 | 0 |
| 31—40 | 3 |
| 41 — 50 | 3 |
| 51 — 60 | 2 |
| 61 — 70 | 1 |
| ആകെ | 9 |

6.3. കുടുംബാംഗങ്ങളുടെഎണ്ണം അനുസരിച്ച് ഭൂവുടമകളുടെ വിവരണം.

| കുടുംബാംഗങ്ങളുടെഎണ്ണം | കുടുംബങ്ങളുടെഎണ്ണം |
|---|---|
| 1—2 | 1 |
| 3—4 | 6 |
| 5—7 | 2 |
| ആകെ | 9 |

6.4. വിദ്യാഭ്യാസ നിലവാരത്തിന്റെ അടിസ്ഥാനത്തിൽ ഭൂവുടമകൾ

| വിദ്യാഭ്യാസ നിലവാരം | എണ്ണം |
|---|---|
| 10 ൽ താഴെ | 0 |
| എസ്.എസ്.എൽ.സി | 4 |
| പ്രി ഡിഗ്രി | 3 |
| ബിരുദം | 2 |
| ആകെ | 9 |

6.5. മതത്തിന്റെഅടിസ്ഥാനത്തിൽ ഭൂവുടമകൾ

| അതം | എണ്ണം |
|---|---|
| ഹിന്ദു | 1 |
| അുസ്ലീം | 8 |
| ക്രിസ്ത്യൻ | 0 |
| ആകെ | 9 |

6.6. ഭൂവുടമകളുടെ സാമ്പത്തികസ്ഥിതി

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

| സാമ്പത്തികസ്ഥിതി | എണ്ണം |
|---|---|
| ദാരിദ്ര രേഖയ്ക്ക്മുകളിൽ | 8 |
| ദാരിദ്ര രേഖയ്ക്ക്താഴെ | 1 |
| ആകെ | 9 |

6.7. ജോലിഅടിസ്ഥാനമാക്കി ഭൂവുടമകൾ

| ഭൂവുടമകളുടെപ്രധാന തൊഴിൽ | എണ്ണം |
|---|---|
| കൃഷി | 0 |
| ബിസിനസ്സ് | 8 |
| സർക്കാർജോലി | 1 |
| ആകെ | 9 |

6.8. വരുമാന അടിസ്ഥാനത്തിൽ ഭൂവുടമകളായ പദ്ധതി ബാധിതരുടെവിവരങ്ങൾ

| മാസ വരുമാനം | എണ്ണം |
|---|---|
| 10,000ൽ താഴെ | 1 |
| 10,000 –25,000 | 8 |
| ആകെ | 9 |

6.9. പദ്ധതി ബാധിതരുടെ കുടുംബാംഗങ്ങളുടെ സാമൂഹ്യ - സാമ്പത്തിക വിവരങ്ങൾ

6.9.1. പദ്ധതി ബാധിതരായ കുടുംബാംഗങ്ങളുടെ പ്രായം തിരിച്ചുള്ള വിവരങ്ങൾ

| കുടുംബാംഗ ങ്ങളുടെപ്രായം | എണ്ണം |
|---|---|
| <10 | 1 |
| 11—20 | 4 |
| 21—30 | 7 |
| 31—40 | 5 |
| 41 — 50 | 8 |
| 51 — 60 | 5 |
| 61 — 70 | 3 |
| 70 ന് മുകളിൽ | 2 |
| ആകെ | 35 |

6.9.2. പദ്ധതി ബാധിതരായ കുടുംബാംഗങ്ങളും വിദ്യാഭ്യാസ നിലവാരം അടിസ്ഥാനമാക്കി യുള്ള വിവരങ്ങൾ

| വിദ്യാഭ്യാസ നിലവാരം | എണ്ണം |
|---|---|
| 10 ൽ താഴെ | 0 |
| എസ്.എസ്.എൽ.സി | 10 |
| പ്രി ഡിഗ്രി | 12 |
| ബിരുദം | 3 |
| ബിരുദാനന്തര ബിരുദം | 6 |
| സാങ്കേതികവിദ്യാഭ്യാസം | 1 |
| മറ്റുള്ളവ | 3 |
| ആകെ | 35 |

KERALA VHS
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

6.9.3 പദ്ധതി ബാധിതരായ കുടുംബാംഗങ്ങളുടെ ജോലി അടിസ്ഥാനമാക്കിയുള്ള വിവരങ്ങൾ

| തൊഴിൽ | എണ്ണം |
|---|---|
| ബിസിനസ്സ് | 18 |
| സർക്കാർജോലി | 2 |
| പ്രൈവറ്റ്ജോലി | 3 |
| മറ്റുള്ളവ | 4 |
| തൊഴിൽ രഹിതർ | 2 |
| ആകെ | 29 |

## അദ്ധ്യായം 7

## സാമൂഹ്യ പ്രത്യാഘാത പരിഹാര നിർവ്വഹണ പദ്ധതി

### 7.1. പ്രത്യാഘാത ലഘൂകരണ നടപടികൾ

| ക്രമ നം: | പ്രത്യാഘാതം | സമീപനം | ലഘൂകരണ മാർഗ്ഗങ്ങൾ |
|---|---|---|---|
| 1 | ഉടമസ്ഥ ഭൂമിയുടെ ഭാഗീക നഷ്ടം | നഷ്ടപരിഹാര വിതരണം | ന്യായമായ നഷ്ടപരിഹാരം |
| 2 | കൈവശ ഭൂമിയുടെ ഭാഗീക നഷ്ടം | കൂടിയാലോചന, മാനുഷിക പരിഗണന, നഷ്ടപരിഹാരം | പദ്ധതി ബാധിതരും തദ്ദേശ സ്വയംഭരണ നേതൃത്വവും ആയി കൂടിയാലോചനയിലൂടെ നഷ്ടപരിഹാരം നിശ്ചയിക്കുകയും നിയമം അനുശാസിക്കുന്ന നഷ്ടപരിഹാരം നിർണ്ണയിക്കുകയും ചെയ്യുക |
| 3 | താമസ ഭവനങ്ങളുടെ സുരക്ഷിതത്വം | താമസ ഭവനങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്ന നടപടികൾ പദ്ധതി നടപ്പാക്കൽ രൂപരേഖയിൽ ഉൾപ്പെടുത്തുക | പദ്ധതി നടപ്പാക്കൽ സംബന്ധമായവിവരങ്ങൾ യഥാസമയം പദ്ധതി ബാധീതരെ അറിയിക്കുകയും കെട്ടിടങ്ങളുടെ സുരക്ഷ സംബന്ധമായ നടപടികൾ നടപ്പാക്കൽ രൂപരേഖയിൽ ഉൾപ്പെടുത്തുകയും ചെയ്യുക. |
| 4 | വീടുകളിലേക്കും വസ്തുക്കളിലേക്കുമുമ പ്രവേശന മാർഗ്ഗങ്ങളുടെ നഷ്ടം | നിയന്ത്രണവും പുന:സ്ഥാപനവും | പുന:സ്ഥാപന രൂപരേഖ തയ്യാറാക്കി നടപ്പാക്കൽ രൂപരേഖയിൽ ഉൾപ്പെടുത്തുക |
| 5 | ഇട റോഡുകളിലേക്കുള്ള പ്രവേശനത്തിന്റെ നഷ്ടം | നിയന്ത്രണവും പുന:സ്ഥാപനവും | പുന:സ്ഥാപന രൂപരേഖതയ്യാറാക്കി നടപ്പാക്കൽ രൂപരേഖയിൽ ഉൾപ്പെടുത്തുക. |

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

| | | | |
|---|---|---|---|
| 6 | പദ്ധതി ബാധിതരെ ഭൂമിഏറ്റെടുക്കൽ നടപടിക്രമങ്ങളിൽ പങ്കാളികളാക്കുക | നിയന്ത്രണം | ഭൂമി ഏറ്റെടുക്കൽ നടപടികളുടെ എല്ലാ ഘട്ടത്തിലും പൊതുജനങ്ങളുടെയും പദ്ധതി ബാധിതരുടെയും പങ്കാളിത്തം ഉറപ്പാക്കുക. |
| 7 | പദ്ധതി പരിഹാരം | നിയന്ത്രണം | പ്രവർത്തന നിരതമായ ഒരു പരാതി പരിഹാര കമ്മിറ്റി വില്ലേജ് തലത്തിൽ ഉറപ്പുവരുത്തുക. |

7.2. പുനരധിവാസ പുനസ്ഥാപന പ്രക്രിയയിൽ ഉൾപ്പെടുത്തേണ്ട നിബന്ധനകൾ

ബാണാസുര സാഗർ ജലസേചന പദ്ധതി (കാപ്പുംകുന്നു വിതരണ കനാൽ) പദ്ധതി പ്രദേശത്ത് ഉണ്ടായ സാമൂഹ്യ - സാമ്പത്തിക പുരോഗതി നഷ്ട പരിഹാര നിർണ്ണയത്തിൽ കണക്കാക്കുന്നത് പ്രത്യാഘാത ലഘൂകരണത്തിന് സഹായിക്കും..

**7.3. പദ്ധതിക്ക് വേണ്ടി ഭൂമി ആവശ്യപ്പെടുന്ന ജലസേചന വകുപ്പ് പ്രത്യേകമായി മുന്നോട്ട് വയ്ക്കുന്ന നിർദ്ദേശങ്ങൾ**

ബാധകമല്ല

**7.4. സാമൂഹിക പ്രത്യാഘാത പഠനത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതിക്ക് വരുത്തേണ്ട മാറ്റങ്ങളും കൂട്ടിചേർക്കേണ്ട കാര്യങ്ങളും**

ബാധകമല്ല

**7.5. പ്രത്യാഘാതലഘൂകരണമാർഗ്ഗം-വിശദാംശങ്ങൾ**

| ക്രമ നം. | ഉണ്ടാകാവുന്ന നഷ്ടം | പോസിറ്റീവ് / നെഗറ്റീവ് | സാധ്യതാ നിലവാരം | പ്രത്യാഘാത തീവ്രത | പ്രത്യാഘാതം - ലഘൂകരണത്തിന് മുമ്പ് | പ്രത്യാഘാതം - ലഘൂകരണത്തിന് ശേഷം | സാധ്യമായലഘൂകരണ നടപടികൾ |
|---|---|---|---|---|---|---|---|
| 1. | ഭൂമിയുടെ ഭാഗിക നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | മധ്യമം | മധ്യമം | കുറഞ്ഞ | നഷ്ടം പരിഹാരിക്കുക |
| 2. | ഭൂരേഖകളുടെ അഭാവം | നെഗറ്റീവ് | സാധ്യമാണ് | മധ്യമം | മധ്യമം | കുറഞ്ഞ | കൂടിയാലോചന |
| 3. | താമസ ഭവനങ്ങളുടെയുംകെട്ടിടങ്ങളുടെയും സുരക്ഷിതത്വം | നെഗറ്റീവ് | സാധ്യമാണ് | മധ്യമം | മധ്യമം | കുറഞ്ഞ | നടപ്പാക്കൽ പദ്ധതിയിൽ സുരക്ഷാ മാനദണ്ഡങ്ങൾ ഉൾപ്പെയുത്തുക |
| 4 | വീടുകളിലേക്കും | നെഗറ്റീവ് | സാധ്യമാണ് | കുറഞ്ഞത് | മധ്യമം | കുറഞ്ഞ | പ്രവേശന മാർഗ്ഗങ്ങളുടെ |

KERALA VHS
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

| | | | | | | | |
|---|---|---|---|---|---|---|---|
| | ഭൂമിയിലേക്കും ഉള്ള പ്രവേശന മാർഗ്ഗങ്ങളുടെ നഷ്ടം | | | | | | പുനസ്ഥാപനം |
| 5 | ഇടറോഡുകളിലേക്കുള്ള പ്രവേശന മാർഗ്ഗങ്ങളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | മിതമായ | മധ്യമം | കുറഞ്ഞത് | പ്രവേശന മാർഗ്ഗങ്ങളുടെ പുനസ്ഥാപനം |
| 6. | പദ്ധതി ബാധിതരെ ഭൂമിഏറ്റെടുക്കൽ നടപടി ക്രമങ്ങളിൽ ഉൾപ്പെടുത്തുക. | നെഗറ്റീവ് | സാധ്യമാണ് | മിതമായ | മധ്യമം | കുറഞ്ഞത് | നടപടി ക്രമങ്ങളിൽ പദ്ധതി ബാധിതരുടെ പങ്കാളിത്തംഉറപ്പുവരുത്തുക. |
| 7 | പരാതി പരിഹാര നടപടികൾ | പോസിറ്റീവ് | സാധ്യമാണ് | കുറഞ്ഞത് | കുറഞ്ഞത | കുറഞ്ഞത് | പ്രവർത്തന നിരതമായ പരാതി പരിഹാര കമ്മറ്റി ജില്ലാതലത്തിലും പഞ്ചായത്ത്തലത്തിലും പ്രവർത്തിക്കുക. |

KERALA VHS
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

## അദ്ധ്യായം 8

## സാമൂഹ്യപ്രത്യാഘാത പരിഹാര നിർവ്വഹണ പദ്ധതിയുടെ നടപ്പാക്കൽ സംവിധാന ഘടന

8.1. സ്ഥാപന ഘടനാ സംവിധാനം

| സാമൂഹ്യപ്രത്യാഘാത പരിഹാര ഉത്തരവാദിത്തം | നിർവ്വഹിക്കുന്ന പ്രധാന വ്യക്തികൾ |
|---|---|
| ജില്ലാ കളക്ടർ | നഷ്ട പരിഹാര നിർണ്ണയവും പരാതി പരിഹാരവും |
| ഡപ്യൂട്ടി കളക്ടർ (ഭൂമിഏറ്റെടുക്കൽ) | ഭൂമിഏറ്റെടുക്കൽ, നഷ്ട പരിഹാരം |
| സ്പെഷ്യൽ തഹസിൽദാർ, (ഭൂമിഏറ്റെടുക്കൽ) | ഭൂമിഏറ്റെടുക്കൽ, നഷ്ട പരിഹാരം |
| ജില്ലാ ഫോറസ്റ്റ് ഓഫീസ് | മരങ്ങളുടെ നഷ്ടപരിഹാരം നിർണ്ണയിക്കൽ |
| റിക്വസിഷൻ അധികാരികൾ | പ്രവേശന മാർഗ്ഗങ്ങളുടെ പുനഃസ്ഥാപനവും നിർമ്മാണങ്ങളുടെമൂല്യനിർണ്ണയവും |

KERALA VHS COLLECTORATE P.O. MULLANKUZHY KOTTAYAM-2

# അദ്ധ്യായം 9

## സാമൂഹിക പ്രത്യാഘാത കാര്യ നിർവ്വഹണവും ബജറ്റും പ്രത്യാഘാത ലഘൂകരണത്തിന് വേണ്ടിയുള്ള സാമ്പത്തികവും

9.1. - പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള ചിലവ്

ബാധകമല്ല

9.2.- വാർഷിക ബജറ്റും പദ്ധതി രൂപരേഖയും

ബാധകമല്ല

9.3. സാമ്പത്തികസ്രോതസ്സും വിശദീകരണവും

ബാധകമല്ല

KERALA V H S MULLANKUZHY KOTTAYAM-2 COLLECTORATE P.O.

## അദ്ധ്യായം 10
## സാമൂഹിക പ്രത്യാഘാത കാര്യ നിർവ്വഹണ പദ്ധതി -
## മേൽനോട്ടവും വിലയിരുത്തലും

**10.1.- പ്രധാനപ്പെട്ട മേൽനോട്ട വിലയിരുത്തൽ സൂചകങ്ങൾ**

- ഭൂവുടമകളുടെ ജില്ലാതല പർച്ചേസിംഗ് കമ്മറ്റി മീറ്റിംഗിൽ ഉള്ള പങ്കാളിത്തം
- എത്ര ഭൂവുടമകളിൽ നിന്ന് നേരിട്ട് ഭൂമി വാങ്ങാൻ സാധിച്ചു.
- നഷ്ടപരിഹാരം കണക്കാക്കുവാൻ ഉപയോഗിച്ച മാനദണ്ഡങ്ങൾ.
- തടസ്സപ്പെട്ട പ്രവേശന മാർഗ്ഗങ്ങളുടെ പുനസ്ഥാപനം.
- ഭൂമിക്കും നിർമ്മാണങ്ങൾക്കും നൽകിയ നഷ്ടപരിഹാരതുക
- പദ്ധതി ബാധിതരുടെ ഭൂമിയിലും പണത്തിലുമുള്ള അവകാശസ്ഥാപനം
- നഷ്ട പരിഹാര വിനയോഗം
- പരാതി പരിഹാര സമിതിയുടെ രൂപീകരണം.
- പരാതി പരിഹാരസമിതി നടത്തിയ യോഗങ്ങൾ, തീരുമാനങ്ങൾ
- പരാതി പരിഹാര സമിതയുടെ മുൻമ്പാകെ വന്ന പരാതികളുടെ എണ്ണം
- പരാതി പരിഹാര സമിതി സ്വീകരിക്കപ്പെടുന്ന പരാതികളുടെ എണ്ണം
- ഉന്നതതലങ്ങളിലേക്ക് തീർപ്പാക്കലിനുവേണ്ടി സമർപ്പിക്കപ്പെടുന്ന പരാതികളുടെ എണ്ണം
- കോടതി കേസുകളുടെ എണ്ണം
- സ്ത്രീകൾക്കു നൽകുന്ന പരിഗണന

**10.2. മേൽനോട്ടവും റിപ്പോർട്ടിംഗും**

ബാധകമല്ല

**10.3. സ്വതന്ത്രമായ വിലയിരുത്തലിന് വേണ്ടിയുള്ള പദ്ധതി**

ബാധകമല്ല

KERALA VHS
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

## അദ്ധ്യായം 11
## സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ

നിർദ്ദിഷ്ട പദ്ധതി ലക്ഷ്യം വയ്ക്കുന്നത് ബാണാസുരസാഗർ ജലസേചന പദ്ധതിയുടെ പ്രധാന കനാലിൽ നിന്ന് കൂടുതൽ പ്രദേശത്തേക്ക് ജലം ലഭ്യമാക്കുന്നതിന് ചെറു കനാൽ സ്ഥാപിക്കുക എന്നുളളതാണ്. സംസ്ഥാനത്തെ പ്രധാനപ്പെട്ട ജലസേചന പദ്ധതിയായി ബാണാസുരസാഗർ ജലസേചന പദ്ധതിയുടെ പ്രയോജനം കൂടുതൽ പ്രദേശത്തേക്ക് ലഭ്യമാക്കാൻ ലക്ഷ്യമിട്ട് നടപ്പാക്കുന്ന നിർദ്ദിഷ്ട പദ്ധതി പൊതുതാൽപര്യ പദ്ധതിയായി പദ്ധതി ബാധിതരും പൊതു ജനങ്ങളും പൂർണ്ണമായി കണക്കാക്കുന്നു. ബാണാസുരസാഗർ ജലസേചന പദ്ധതിയുടെ വലുപ്പവും ജലസേചനം ലഭ്യമാക്കുന്ന സ്ഥലത്തിന്റെ അളവും കണക്കാക്കുമ്പോൾ ഇപ്പോൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമി വളരെ കുറഞ്ഞ അളവിൽ ഉളളത് മാത്രമാണ്. അതുകൊണ്ട് തന്നെ നിർദ്ദിഷ്ട പദ്ധതിക്ക് ബദൽ നിർദ്ദേശിക്കുവാൻ സാധിതമാകുന്നില്ല. കൂടാതെ പദ്ധതിയുടെ ഒഴിവാക്കൽ ബാണാസുരസാഗർ ജലസേചന പദ്ധതിയുടെ ലക്ഷ്യനേട്ടത്തെ ഉദ്ദേശ്യം 35% കുറവ് രേഖപ്പെടുത്താൻ സാധ്യതയുണ്ട് .

ഭൂ ഉടമസ്ഥരായ 5 പേർക്കും ഭൂമിയുടെ കൈവശക്കാരായ 4 പേർക്കും ഉണ്ടാകുന്ന നഷ്ട മാണ് പദ്ധതിയുടെ ഏറ്റവും വലിയ പ്രത്യാഘാതം. പദ്ധതി ബാധിതരിൽ ആരും തന്നെ സാമൂഹ്യ സാമ്പത്തിക പിന്നോക്കാവസ്ഥയിൽ ഉള്ളവർ അല്ല എന്നത് തന്നെ മേൽ പറഞ്ഞ ഭൂമി നഷ്ടം മൂലം ഉണ്ടാകുന്ന പ്രത്യാഘാതത്തെ വളരെ കുറഞ്ഞതരം എന്ന് കണക്കാക്കാവു ന്നതാണ്, കൂടാതെ പദ്ധതി സംബന്ധമായ വർഷങ്ങളായി ബോധ്യമുള്ള പദ്ധതി ബാധിതർ പദ്ധതിയുടെ നടപ്പാക്കൽ ഏതുസമയത്തും പ്രതീക്ഷിക്കുന്നവരാണ്. അതുകൊണ്ട്തന്നെ മാനസികമായ തയ്യാറെടുപ്പുകൾ പദ്ധതി സംബന്ധമായി എടുത്തിട്ടുള്ളവരാണ്.

നിർദിഷ്ട പദ്ധതി ബാണാസുരസാഗർ മലയുടെ അടിവാരത്തിലാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ലാക്റ്ററേറ്റ് മണ്ണിന്റെ ഗണത്തിൽപെടുന്ന പദ്ധതി പ്രദേശത്തെ മണ്ണിടിച്ചിൽ സാധ്യതയുള്ളതാണ്. പ്രദേശത്ത് നടക്കപ്പെടുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഈ മണ്ണിടി ച്ചിൽ സാധ്യത വർധിപ്പിക്കാൻ സാധ്യതയുണ്ട് . അതുകൊണ്ടുതന്നെ പദ്ധതി പ്രദേശത്ത് ഇപ്പോൾ സ്ഥിതി ചെയ്യുന്ന താമസ ഭവനങ്ങളുടെയും 2 വാണിജ്യ കെട്ടിടങ്ങളുടെയും സുര ക്ഷിതത്വം ഉറപ്പുവരുത്തിവേണം പദ്ധതിയുടെ നടപ്പാക്കൽ രൂപരേഖ തയ്യാറാക്കേണ്ടത്.

പദ്ധതിയുടെ വളരെ വൈകിയുള്ള നടപ്പാക്കൽ പദ്ധതി ബാധികർക്ക് വളരെ മാനസിക ബുദ്ധിമുട്ടുകളും അനിശ്ചിതത്വവും നൽകിയിട്ടുണ്ട്. പദ്ധതിയുടെ സമയ ബന്ധിത പൂർത്തീ കരണം ഇപ്രകാരവുള്ള പ്രത്യാഘാതങ്ങളെ പൂർണ്ണമായും ഇല്ലാതാക്കാനും പദ്ധതി ബാധി തരുടെ സഹകരണം പദ്ധതിക്ക് ഉണ്ടാകാനും സഹായകരമാകുന്നു.

ഭൂരേഖകൾ കൈവശം ഇല്ലാത്ത ഭൂമിയുടെ കൈവശക്കാരായ ഉടമസ്ഥർക്ക് ആവശ്യമായ നിയമസഹായവും നിർദ്ദേശങ്ങളും യഥാസമയം നൽകുന്നതും സാമൂഹ്യ പ്രത്യാഘാതം കുറ യ്ക്കുക മാത്രമല്ല, ഭാവിയിൽ ഉണ്ടാകാൻ സാധ്യതയുള്ള പരാതികളുടെ സാധ്യതകളെ വളരെ അധികം കുറയ്ക്കുകയും ചെയ്യും.

ബാണാസുരസാഗർ ജലസേചന പദ്ധതിയുടെ ഭാഗമായി ജില്ലയിൽ പല സ്ഥലത്തും കനാൽ പദ്ധതികൾ ഭാഗിക പൂർത്തീകരണത്തിൽ സ്ഥിതി ചെയ്യുന്നുണ്ട്. ഈ പ്രദേശങ്ങൾ കാട് കയറി, പാമ്പുകളുടെ താവളമായി മാറ്റപ്പെട്ടിട്ടുണ്ട്. ഇപ്രകാരം ഭൂമി ഏറ്റെടുത്തതിന് ശേഷം പദ്ധതി നിർമ്മാണത്തിൽ ഉണ്ടാകാവുന്ന കാല താമസം, തങ്ങളുടെ സ്വൈര്യ ജീവിതത്തെ

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

ബാധിക്കുമോ എന്നആശങ്ക പദ്ധതി ബാധിതർ പങ്ക് വയ്ക്കുകയുണ്ടായി. സമയ ബന്ധിത ബൂമി ഏറ്റെടുക്കലും, പദ്ധതി നിർവ്വഹണവും, ഇപ്രകാരമുള്ള ആശങ്കകളെ ഇല്ലാതാക്കുകയും പദ്ധതിയിലുള്ള ജന പങ്കാളിത്തം ഉറപ്പ് വരുത്തുകയും ചെയ്യും.

പദ്ധതിയുടെ പ്രഖ്യാപനത്തിനും, അതിർത്തി കല്ലുകളുടെ സ്ഥാപനത്തിനും ശേഷം ഉണ്ടായ വലിയ കാലതാമസം ഭൂമിയുടെ കൈമാറ്റരംഗത്ത് അനിശ്ചിതത്വം സൃഷ്ടിക്കുകയും, ഭൂഉടമസ്ഥർക്ക് അവരുടെ വസ്തുവിന്റെ ലാഭകരമായ കൈമാറ്റത്തിനും, പരിപാലനത്തിനും തടസ്സയങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. സമയ ബന്ധിതമായ ഭൂമി ഏറ്റെടുക്കൽ നപടിയിലൂടെ ഇപ്രകാരമുള്ള പ്രത്യാഘാതങ്ങൾ കുറയ്ക്കാവുന്നതാണ്.

പദ്ധതി പൊതുസ്വകാര്യ റോഡിനെയും ഒരു പൊതുറോഡിനെയും ബാധിക്കുകയും ഏതാനും ഭൂമികളിലേക്കുള്ള പ്രവേശന മാർഗ്ഗങ്ങളെ തടസ്സപ്പെടുത്തുകയും ചെയ്യുന്നു. ഈ പ്രവേശന മാർഗ്ഗങ്ങളുടെ പുനഃസ്ഥാപനം നടപ്പാക്കൽ രൂപരേഖയിൽ ഉൾപ്പെടുത്തുന്നത് പദ്ധതിയുടെ പ്രത്യാഘാതം ഗണ്യമായി കുറയ്ക്കാൻ സഹായകമാണ്.

മേൽ പറഞ്ഞ വിശകലനങ്ങൾ സൂചിപ്പിക്കുന്നത് പദ്ധതി ഏറ്റെടുക്കുന്ന ഭൂമിയിലും സമീ പ്രദേശങ്ങളിലും സൃഷ്ടിക്കുന്ന പ്രത്യാഘാതം ന്യായമായ നഷ്ടപരിഹാരത്തിലൂടെയും പുനഃസ്ഥാപന മാർഗ്ഗങ്ങളിലൂടെയും ഗണ്യമായി കുറയ്ക്കാനും സാധ്യമെങ്കിൽ ഇല്ലാതാക്കാനും സാധിക്കും എന്നതാണ് അതുകൊണ്ടുതന്നെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനരധിവാസത്തിനും ഉള്ള നിയമം 2013 (30/2013) സെക്ഷൻ 2 (i) (b) (iii) പ്രകാരം പൊതുതാൽപര്യ പദ്ധതിയായി കണക്കാക്കാവുന്നതും ഭൂമിഏറ്റെടുക്കൽ നടപടി ക്രമങ്ങളുമായി മുന്നോട്ട് പോകാവുന്നതുമാണ്.

സാജു. വി.ഇട്ടി
ചെയർമാൻ
സാമൂഹ്യപ്രത്യാഘാത പഠന യൂണിറ്റ്

അനുബന്ധരേഖകൾ

1. പദ്ധതി ബാധിതരുടെ പേരു വിവരങ്ങൾ
2. ഫോട്ടോഗ്രാഫ്
3. പത്രപ്പരസ്യം- ഫോം.നം.5- നോട്ടിഫിക്കേഷൻ
4. നോട്ടീസ്
5. പബ്ളിക് ഹിയറിംഗ്- ഹാജർ
6. ഗസറ്റ് നോട്ടിഫിക്കേഷൻ
7. ശ്രീ. [illegible] (ഭൂ ഉടമ [illegible]) നൽകിയ അപേക്ഷ.

KERALA H S
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

## പദ്ധതി ബാധിതരുടെ പേരുവിവരങ്ങൾ

| ക്രമ നം | സർവ്വേ നമ്പർ | വിവരണം | വി.( ആർ.) | പേര് | ഫോൺ |
|---|---|---|---|---|---|
| 1 | | പൊതുവഴി | | ബാധകമല്ല | |
| 2 | 365/28 | താമസ ഭൂമി | | യാസിർഎം.എ,<br>എം.എഫ്.മൻസിൽ, പടിഞ്ഞാറെത്തറ പി.ഓ., കാപ്പുണ്ടിക്കൽ | 9447083964 |
| 3 | 364/3 | താമസ ഭൂമി | 0.0245 | Lateമുഹമ്മദ്<br>ഏർക്കുളങ്ങര<br>അലീമ മുഹമ്മദ്<br>റാബിയ<br>ഏർക്കുളങ്ങര ഹൗസ്, പടിഞ്ഞാറെത്തറ പി.ഓ., കാപ്പുണ്ടിക്കൽ | 9207045474 |
| 4 | 364/2<br>364/7 | താമസ ഭൂമി | 0.0098 | ഇബ്രാഹിം&സക്കീന,<br>ഏർക്കുളങ്ങര ഹൗസ്, പടിഞ്ഞാറെത്തറ പി.ഓ., കാപ്പുണ്ടിക്കൽ | 946105274 |
| 5 | 364/2 | പുരയിടം | 0.0189 | ആയിഷW/o Late അന്ത്രു ഹാജി ,<br>അബ്ദുൾ നാസർ,<br>ഹക്കീം, സമീറ<br>ചെല്ലിയാട്ടുമ്മൽ ഹൗസ്, പടിഞ്ഞാറെത്തറ പി.ഓ., പേരാൽ | 9656244462<br>9633868168<br>9645401610 |
| 6 | 364/2 | താമസ ഭൂമി | 0.0174 | കമറുനീസ & മുക്കാടൻകണ്ടി മമ്മൂട്ടി, മുക്കാടൻകണ്ടി ഹൗസ്, പടിഞ്ഞാറെത്തറ പി.ഓ., | 8921084808 |
| 7 | 364/2 | പുരയിടം | 0.0120 | പി.മൂസ<br>പോള ഹൗസ്, വാരാംപറ്റ പി.ഓ., പന്തിപ്പൊയ്യിൽ<br>ശശി<br>ബിനു | 8157070964 |

MULLANKUZHY KOTTAYAM-2 COLLECTORATE P.O.

| | | | | | |
|---|---|---|---|---|---|
| 8 | 364/2 | പുരയിടം | 0,0160 | അഹമ്മദ് വി,<br>വള്ളുവശ്ശേരിതൊണ്ടർനാട് പി.ഓ., കോറോം | |
| 9 | 364/2 | പുരയിടം | 0.0317 | പിലാക്കണ്ടി മൂസ, പിലാക്കണ്ടി ഹൗസ്, ചെറുകാട്ടൂർ, പുളിവയൽ | 7025290798 |
| 10 | 364/4 | പുരയിടം | 0.0108 | ഡോ.എസ്. സതി റാണി<br>സ്വരാജ്ഹോസ്പിറ്റൽ, പടിഞ്ഞാറെത്തറ പി.ഓ., | 04936 273532 |

KERALA V H S ★ MULLANKUZHY KOTTAYAM-2 ★ COLLECTORATE P.O.


## PHOTO GALLERY

### PROJECT AREA VISIT







SOCIAL SURVEY AND DATA COLLECTION





KERALA V H S
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.




**Public Hearing**




KERALA V H S
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.





KERALA V H S
MULLAN ZHY
KOTTAYAM
COLLECTORATE P.O.

13
ബുധൻ
നവംബർ 2019
1441 റബീഉൽ അവ്വൽ 15
1195 തുലാം 27
കോഴിക്കോട്
www.chandrikadaily.com

# ചന്ദ്രിക

ചന്ദ്രിക ESTD 1934
RNI No. 3018/1957. Registered. NO. KL/CT/9/2018-20 | Chandrika Daily | Managing Director: Panakkad Syed Hyder...

ഫാറം 5 ചട്ടം 14 (1) വിജ്ഞാപനം    തീയതി : 12/11/2019

ചുവടെ പട്ടികയിൽ വിവരിക്കുന്ന വയനാട് ജില്ലയിൽ വൈത്തിരി താലൂക്കിൽ, പടിഞ്ഞാറത്തറ വില്ലേജിൽ ഉൾപ്പെടുന്ന ഭൂമി ഒരു പൊതു ആവശ്യത്തിലേക്കായി അതായത് ബാണാസുരസാഗർ ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി കാപ്പുംകുന്ന് കനാലിനുവേണ്ടി ആവശ്യമുണ്ടെന്നോ, ആവശ്യമുണ്ടായേക്കാമെന്നോ കേരള സർക്കാരിന് ബോധ്യപ്പെട്ടതിനാലും, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ലെ (2013 ലെ 30-ാം കേന്ദ്ര ആക്ട്) 4-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് അനുസരിച്ച് കേരള ഗസറ്റ് തീയതി ഒക്ടോബർ 8, 2019 പ്രകാരം പുറപ്പെടുവിച്ച നോട്ടിഫിക്കേഷൻ നമ്പർ ബി1-494/2019 അറിയിപ്പ് പ്രകാരം താഴെപ്പറയുന്ന പട്ടികയിൽ വിവരിക്കുന്ന പ്രദേശത്ത് ഒരു സാമൂഹിക ആഘാത വിലയിരുത്തൽ പഠനം നടത്താൻ തീരുമാനിച്ചിട്ടുള്ളതാണ്. ആയതിനാൽ ആക്ടിൽ പരാമർശിക്കും പ്രകാരം സാമൂഹിക ആഘാത പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് താഴെ പട്ടികയിൽ വിവരിക്കുന്ന ഭൂമിയിൽ ഉടമസ്ഥതയോ, അവകാശമോ, താൽപ്പര്യങ്ങളോ ഉള്ള ആളുകൾ 2019 - ാം മാണ്ട് നവംബർ മാസം 28-ാം തീയതി ഉച്ച കഴിഞ്ഞ് 2 മണിക്ക് പഞ്ചായത്ത് സാംസ്കാരിക നിലയം ഹാൾ, പടിഞ്ഞാറത്തറയിൽ വച്ച് നടത്തുന്ന പൊതു അഭിപ്രായ സ്വീകരണ യോഗത്തിൽ പങ്കെടുക്കണമെന്ന് ഇതിനാൽ അറിയിക്കുന്നു.

| ക്രമ നം. | സർവ്വേ നം. | വിവരണം | വി. ഹെ. | പേര് |
|---|---|---|---|---|
| 1 | | പൊതുവഴി | | ബാധകമല്ല |
| 2 | 365/28 | പുരയിടം | | യാസിർ എം.എ. എം.എഫ്.മൻസിൽ. |
| 3 | 364/3 | പുരയിടം | 0.0245 | Lale മുഹമ്മദ്, അലീമ മുഹമ്മദ് റാബിയ, ഏർക്കുളങ്ങര ഹൗസ് |
| 4 | 364/2, 364/7 | പുരയിടം | 0.0098 | ഇബ്രാഹിം & സക്കീന, ഏർക്കുളങ്ങര ഹൗസ്, |
| 5 | 364/7 | പുരയിടം | 0.0724 | ആയിഷ W/o Lale അന്ത്രു ഹാജി, അബ്ദുൾ നാസർ, ഹക്കീം, സമീറ, ചെല്ലിയാട്ടുമ്മൽ ഹൗസ് |
| 6 | 364/2 | പുരയിടം | 0.0209 | മെറൂനിസ, മമ്മുട്ടി, മുക്കാടൻകണ്ടി ഹൗസ് |
| 7 | 364/2 | പുരയിടം | 0.0155 | പി.മൂസ, പോള ഹൗസ്, ശശി, ബിനു |
| 8 | 364/2 | പുരയിടം | 0.0195 | അഹമ്മദ് വി, വള്ളുവശ്ശേരി ഉസ്മാൻ |
| 9 | 364/2 | പുരയിടം | 0.0352 | പി.മൂസ, പിലാക്കണ്ടി ഹൗസ് |
| 10 | 364/4 | പുരയിടം | 0.0108 | ഡോ.എസ്. സതി റാണി, സ്വരാജ് ഹോസ്പിറ്റൽ |
| ആകെ വിസ്തീർണ്ണം | | | 0.1586 | |

ചെയർമാൻ, സാമൂഹിക ആഘാത പഠന യൂണിറ്റ്

13
ബുധൻ
2019 നവംബർ
1195 തുലാം 27

# ജനയുഗം

JANAYUGOM DAILY ■ കോഴിക്കോട്

സ്ഥാപിതം 1953

● തിരുവനന്തപുരം ● കൊല്ലം ● കൊച്ചി ● കോഴിക്കോട് ● കണ്ണൂർ

Volume - 7, Number -279 RNI Reg. No KERMAL/2012/4

ഫാറം 5 ചട്ടം 14 (1) വിജ്ഞാപനം    തീയതി : 12/11/2019

ചുവടെ പട്ടികയിൽ വിവരിക്കുന്ന വയനാട് ജില്ലയിൽ വൈത്തിരി താലൂക്കിൽ, പടിഞ്ഞാറത്തറ വില്ലേജിൽ ഉൾപ്പെടുന്ന ഭൂമി ഒരു പൊതു ആവശ്യത്തിലേക്കായി അതായത് ബാണാസുരസാഗർ ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി കാപ്പുംകുന്ന് കനാലിനുവേണ്ടി ആവശ്യമുണ്ടെന്നോ, ആവശ്യമുണ്ടായേക്കാമെന്നോ കേരള സർക്കാരിന് ബോധ്യപ്പെട്ടതിനാലും, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ലെ (2013 ലെ 30-ാം കേന്ദ്ര ആക്ട്) 4-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് അനുസരിച്ച് കേരളാ ഗസറ്റ് തീയതി ഒക്ടോബർ 8, 2019 പ്രകാരം പുറപ്പെടുവിച്ച നോട്ടിഫിക്കേഷൻ നമ്പർ ബി1-494/2019 അറിയിപ്പ് പ്രകാരം താഴെപ്പറയുന്ന പട്ടികയിൽ വിവരിക്കുന്ന പ്രദേശത്ത് ഒരു സാമൂഹിക ആഘാത വിലയിരുത്തൽ പഠനം നടത്താൻ തീരുമാനിച്ചിട്ടുള്ളതാണ്. ആയതിനാൽ ആക്ടിൽ പരാമർശിക്കും പ്രകാരം സാമൂഹിക ആഘാത പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് താഴെ പട്ടികയിൽ വിവരിക്കുന്ന ഭൂമിയിൽ ഉടമസ്ഥതയോ, അവകാശമോ, താൽപ്പര്യങ്ങളോ ഉള്ള ആളുകൾ 2019 - ാം മാണ്ട് നവംബർ മാസം 28-ാം തീയതി ഉച്ച കഴിഞ്ഞ് 2 മണിക്ക് പഞ്ചായത്ത് സാംസ്കാരിക നിലയം ഹാൾ, പടിഞ്ഞാറത്തറയിൽ വച്ച് നടത്തുന്ന പൊതു അഭിപ്രായ സ്വീകരണ യോഗത്തിൽ പങ്കെടുക്കണമെന്ന് ഇതിനാൽ അറിയിക്കുന്നു.

| ക്രമ നം. | സർവ്വേ നം. | വിവരണം | വി. ഹെ. | പേര് |
|---|---|---|---|---|
| 1 | | പൊതുവഴി | | ബാധകമല്ല |
| 2 | 365/28 | പുരയിടം | | യാസിർ എം.എ. എം.എഫ്.മൻസിൽ. |
| 3 | 364/3 | പുരയിടം | 0.0245 | Late മുഹമ്മദ്, അലീമ മുഹമ്മദ് റാബിയ, ഏർക്കുളങ്ങര ഹൗസ് |
| 4 | 364/2, 364/7 | പുരയിടം | 0.0098 | ഇബ്രാഹിം & സക്കീന, ഏർക്കുളങ്ങര ഹൗസ്, |
| 5 | 364/2 | പുരയിടം | 0.0224 | ആയിഷ W/o Late. അന്ത്രു ഹാജി, അബ്ദുൾ നാസർ, ഹക്കീം, സമീറ, ചെല്ലിയാട്ടുമ്മൽ ഹൗസ് |
| 6 | 364/2 | പുരയിടം | 0.0209 | മൈമൂനീസ, മമ്മൂട്ടി, മുക്കാടൻകണ്ടി ഹൗസ് |
| 7 | 364/2 | പുരയിടം | 0.0155 | പി.മൂസ, പോള ഹൗസ്, ശശി, ബിനു |
| 8 | 364/2 | പുരയിടം | 0.0195 | അഹമ്മദ് വി, വള്ളുവശ്ശേരി ഉസ്മാൻ |
| 9 | 364/2 | പുരയിടം | 0.0352 | പി.മൂസ, പിലാക്കണ്ടി ഹൗസ് |
| 10 | 364/4 | പുരയിടം | 0.0108 | ഡോ.എസ്. സതി റാണി, സ്വരാജ് ഹോസ്പിറ്റൽ |
| ആകെ വിസ്തീർണ്ണം | | | 0.1586 | |

ചെയർമാൻ, സാമൂഹിക ആഘാത പഠന യൂണിറ്റ്

നോട്ടീസ്

സ്വീകർത്താവ്,

താങ്കളുടെ ഉടമസ്ഥതയിലോ/ അവകാശത്തിലോ/ കൈവശത്തിലോ ഉള്ള വയനാട് ജില്ലയിൽ, വൈത്തിരി താലൂക്കിൽ, പടിഞ്ഞാറെത്തറ വില്ലേജിൽ ഉൾപ്പെടുന്ന ഭൂമി ഒരു പൊതു ആവശ്യത്തിലേക്കായി, അതായത് ബാണാസുരസാഗർ ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി കാപ്പുംകുന്ന് കനാൽ പദ്ധതിയുമായി ബന്ധപ്പെട്ട് ആവശ്യമുണ്ടെന്നോ, ആവശ്യമുണ്ടായേക്കാമെന്നോ കേരള സർക്കാരിന് ബോധ്യപ്പെട്ടതിനാലും, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ലെ (2013 ലെ 30-ാം കേന്ദ്ര ആക്ട്) 4-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് അനുസരിച്ച് കേരളാ ഗസറ്റ് തീയതി ഒക്ടോബർ 8, 2019 പ്രകാരം പുറപ്പെടുവിച്ച നോട്ടിഫിക്കേഷൻ നം.ബി 1-494/2019 അറിയിപ്പ് പ്രകാരം പ്രസ്തുത പ്രദേശത്ത് ഒരു സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്താൻ തീരുമാനിച്ചിട്ടുള്ളതാണ്. ആയതിനാൽ നിയമത്തിൽ പരാമർശിക്കും പ്രകാരം സാമൂഹിക ആഘാത പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് താഴെ പട്ടികയിൽ വിവരിക്കുന്ന ഭൂമിയിൽ ഉടമസ്ഥതയോ, അവകാശമോ, താൽപര്യങ്ങളോ ഉള്ള താങ്കളോ/ താങ്കൾ ചുമതലപ്പെടുത്തുന്ന വ്യക്തികളോ 2019-ാം മാണ്ട് നവംബർ മാസം 28-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണിക്ക് പഞ്ചായത്ത് സാംസ്കാരിക നിലയം ഹാൾ, പടിഞ്ഞാറെത്തറയിൽ വച്ച് നടത്തുന്ന പൊതു അഭിപ്രായ സ്വീകരണ യോഗത്തിൽ പങ്കെടുക്കണമെന്ന് ഇതിനാൽ അറിയിക്കുന്നു.

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

ചെയർമാൻ
സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ്
ഫോൺ നമ്പർ : 9744778709, 9495686885

സ്ഥലം : വയനാട്
തീയതി : 13/11/2019

ബാണാസുര സാഗർ ജലസേചന പദ്ധതി

കാഞ്ഞിരത്തിനാൽ വിതരണ കനാൽ

സാമൂഹിക പ്രത്യാഘാത പഠനം

പൊതു അഭിപ്രായ സ്വീകരണം

സ്ഥലം : പഞ്ചായത്ത് സാംസ്കാരിക നിലയം ഹാൾ, പടിഞ്ഞാറത്തറ
തീയതി : 2019 നവംബർ 28, ഉച്ചകഴിഞ്ഞ് 2.മണിക്ക്.

| പേരും മേൽവിലാസവും | ഫോൺനമ്പർ | ഒപ്പ്. |
| --- | --- | --- |
| 1. Santhosh kumar .T<br>Deputy Tahsildar<br>o/o. Special Tahsildar (LA)<br>B.S.I.P, Vellamunda. | 9562887345 | 28/11/2019. |
| 2. Bastin.V.V<br>SRI, O/o, Tahr.<br>(LA) BSIP | 9947792305 | |
| P.K.MOOSSA<br>PICAKKANDY HOU<br>KOOLIVAYAL | 7025290788 | |
| M.K.MAMMOOLLY<br>M.K. HSC<br>PADINHARAD | 8921084808 | |
| V.AMMED.<br>P.O.THONDERNAD.<br>PIN 670731<br>KOROME. | 9495257697 | |
| P.Moossa<br>Pandippoyil<br>Varambatta<br>Pozhudana | 8157070964 | |

| പേരും മേൽവിലാസവും | ഫോൺനമ്പർ | ഒപ്പ് |
| --- | --- | --- |
| സജി എം. ജി.<br>[illegible] (H)<br>[illegible]<br>[illegible] | 9446707518. | [signature] |
| [illegible] S/o [illegible]<br>[illegible] (H)<br>[illegible]<br>[illegible] | 9207045474 | [signature] |
| AA [illegible] S/o [illegible]<br>MF [illegible]<br>[illegible]<br>[illegible] | 9447083964. | [signature] |
| [illegible]<br>[illegible]<br>[illegible] | 9656234334 | [signature] |
| [illegible]<br>[illegible]<br>[illegible]<br>[illegible] | 9745222689 | [signature] |
| [illegible]<br>[illegible]<br>BSP [illegible]<br>[illegible] | 9745150815 | [signature] |

| പേരും മേൽവിലാസവും | ഫോൺ നമ്പർ | ഒപ്പ് |
|---|---|---|
| മൈനർ ഇറിഗേഷൻ. മ.വ | 9744770327 | [signature] |
| [illegible] | 9656244462 | [signature] |
| ഷിനാജ്<br>Clerk<br>പടിഞ്ഞാറത്തറ ഗ്രാ<br>പഞ്ചായത്ത് | 9847858943 | [signature] |
| K.A. Mini<br>Secretary, Padinjarathara<br>GP | 9496048345 | [signature] |
| NOUSHAD. MP<br>Padinjarathara President | 9447528217 | [signature] |
| ജോസഫ് [illegible]<br>[illegible] പടിഞ്ഞാറത്തറ | 9961889269 | [signature] |
| Abdul Hafiz. N<br>Nuchian (H)<br>Kellur (P.O)<br>Mananthavady | 9562929729 | [signature] |

©
കേരള സർക്കാർ
Government of Kerala
2019

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 8<br>Vol. VIII | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2019 ഒക്ടോബർ 8<br>8th October 2019<br>1195 കന്നി 22<br>22nd Kanni 1195<br>1941 ആശ്വിനം 16<br>16th Aswina 1941 | നമ്പർ<br>No. 40 |

## PART III

# Commissionerate of Land Revenue

Scanned by CamScanner

## WAYANAD DISTRICT

NOTIFICATION

[(*See* Rule 11(3))]

No. B1-494/2019. *2nd September 2019.*

Whereas, it appears to the Government of Kerala that the land specified in the Schedule below is needed or likely to be needed for a public purpose, to wit for the land acquisition for Banasurasagar Irrigation Project (Kappumkunnu) in Wayanad District;

And Whereas, in exercise of the powers conferred in sub section (1) of section 4 of the Right to Fair Compensation and transparency in Land Acquisition, Rehabilitation and Resettlement Act, 2013 (Central Act 30 of 2013) Government of Kerala have decided to conduct a Social Impact Assesement in the area specified in the schedule below;

Now, Therefore, sanction is accorded to the Social Impact Assessment Unit, Kerala Voluntary Health Services, Mullankuzhy, Collectorate P.O., Kottayam to conduct a Social Impact Assessment Study and to prepare a Social Impact Management Plan as provided in the Act. The process shall be completed within a period not exceeding 5 weeks in any case.

Schedule

*District*—Wayanad.

*Taluk*—Vythri. *Village*—Padinjirathara.

(The extent given is approximate)

Re-Survey No.—364/2, 3, 4.

Description—Padinjirathara Village, Vythiri Taluk.

Extent—0.1586 Hector.

Office of the Deputy Collector, (Sd.)
Wayanad. *Dy. Collector (L. A.)*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport).

The Right to Fair Compensation and transparency in Land Acquisition, Rehabilitation and Resettlement Rules has come into force on 19-9-2015 and as per rule 10 notifying a social Impact Assessment Unit for conducting Social Impact assessment Study is required. Requisition has been received for acquiring 0.1586 Ha. of land in Padinjirathara Village of Vythiri Taluk in Wayanad District for Banasura Sagar Irrigation Project.

(The notification is intended to achieve the above object).

NOTIFICATION

[(*See* Rule 11(3))]

No. B1-2479/2019. *2nd September 2019.*

Whereas, it appears to the Government of Kerala that the land specified in the Schedule below is needed or likely to be needed for a public purpose, to wit for the land acquisition for Karappuzha Irrigation Project in Wayanad District;

And Whereas, in exercise of the powers conferred in sub section (1) of section 4 of the Right to Fair Compensation and transparency in Land Acquisition, Rehabilitation and Resettlement Act, 2013 (Central Act 30 of 2013) Government of Kerala have decided to conduct a Social Impact Assesement in the area specified in the schedule below;

Now, Therefore, sanction is accorded to the Social Impact Assessment Unit, Rajagiri Educational Alternatives and Community Health (out reach) Service Society, Rajagiri Collage of Social Sciences, Rajagiri P. O., Kalamassery to conduct a Social Impact Assessment Study and to prepare a Social Impact Management Plan as provided in the Act. The process shall be completed within a period not exceeding 6 weeks in any case.

Schedule

*District*—Wayanad.

*Taluk*—Sulthan Bathery. *Village*—Thomattuchal.

(The extent given is approximate)

Survey No.—606/1A, 606/1A1, 82/4B, 83.

Description—Thomattuchal Village, Sulthan Bathery Taluk.

Extent—0.4000 Hector.

Office of the Deputy Collector, (Sd.)
Wayanad. *Dy. Collector (L. A.)*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport).

The Right to Fair Compensation and transparency in Land Acquisition, Rehabilitation and Resettlement Rules has come into force on 19-9-2015 and as per rule 10 notifying a social Impact Assessment Unit for conducting Social Impact assessment Study is required. Requisition has been received for acquiring 0.4000 Ha. of land in Thomattuchal Village of Sulthan Bathery Taluk in Wayanad District for Karapuzha Irrigation Project.

(The notification is intended to achieve the above object).

പ്രേഷകൻ

മമ്മൂട്ടി എം.കെ

മുക്കാടൻകണ്ടി ഹൗസ്

കാപ്പുണ്ടിക്കൽ

പടിഞ്ഞാറത്തറ പോസ്റ്റ്

വയനാട് 673575

ഫോൺ: 8921084808

ഗ്രാഹകൻ

ജില്ലാ കലക്ടർ

വയനാട്

സർ

വയനാട് ജില്ല, വൈത്തിരി താലൂക്ക് പടിഞ്ഞാറത്തറ വില്ലേജ് ഓഫീസ് പരിധിയിൽ പെട്ട 364/2 സർവ്വേ നമ്പറിൽ എന്റെ പേരിൽ ഉള്ള സ്ഥലത്തിന്റെ പുറകു വശം കാപ്പും കുന്ന് ഡിസ്ട്രിബ്യൂട്ടിൽ പെട്ട കനാൽ പ്രോജക്ടിന് വേണ്ടി ഇറിഗേഷൻ വകുപ്പ് ഏറ്റെടുക്കുകയും പതിനഞ്ച് വർഷങ്ങൾക്ക് മുൻപ് എന്റെ ബാക്കി സ്ഥലത്ത് നിന്ന് അതിര് തിരിച്ച് കല്ല് നാട്ടുകയും ചെയ്തിരുന്നു, കൂടാതെ ഈ സ്ഥലത്ത് നിന്ന് മാറി മാത്രമേ നിർമ്മാണ പ്രവർത്തി നടത്താൻ പാടുള്ളൂ എന്ന നിർദേശവും പ്രസ്തുത വകുപ്പ് എനിക്ക് നൽകിയിരുന്നു. എന്നാൽ ഈ വർഷത്തെ കാല വർഷ കെടുതിയിൽ ഇറിഗേഷൻ വകുപ്പ് ഏറ്റെടുത്ത സ്ഥലത്തെ മണ്ണ് ഇടിഞ്ഞ് മുമ്പിൽ ഉണ്ടായിരുന്ന വീടിന്റെ പുറകെ വശം പൂർണ്ണമായി തകരുകയും വീട്ടിൽ ഉണ്ടായിരുന്ന ഫർണ്ണിച്ചർ, പാത്രങ്ങൾ മുതലായവ നശിക്കുകയും ചെയ്തിരുന്നു. തത്ഫലമായി വീട്ടിൽ താമസ യോഗ്യമല്ലാത്തതിനാൽ കുടുംബ സമേതം താമസം മാറുകയും തിരിച്ച് താമസിക്കാൻ ഇതുവരെ പറ്റാത്ത സാഹചര്യവുമാണ് ഉള്ളത്. പല പ്രാവശ്യവും വീടിനു ഭീഷണിയാണെന്ന് പറഞ്ഞു അറിയിച്ചിട്ടും തീരുമാനം ആയില്ല.

ആയതിനാൽ പ്രസ്തുത പ്രോജക്ക് അടുത്ത കാലാവർഷത്തിനു മുമ്പായി നടപ്പാക്കി പൂർത്തീകരിക്കാൻ അപേക്ഷിക്കുന്നതോടൊപ്പം വല്ല കാരണവശാലും പൂർത്തിയാക്കാൻ പറ്റാത്ത സാഹചര്യം ആണെങ്കിൽ പ്രസ്തുത സ്ഥലം വിട്ടു തരുവാൻ ഇതിനാൽ വണക്കമായി അപേക്ഷിക്കുന്നു.

എന്ന്

വിശ്വസ്തതയോടെ

**മമ്മൂട്ടി എം.കെ**

**Copy to**

ചെയർമാൻ, സാമൂഹിക പ്രത്യാഘാത പഠനം